
# നീഹാരിക





# ആശംസ

ഈ നവംബർ മാസത്തിൽ മലയാളദിനാഘോഷങ്ങൾക്കിടയിൽ നാം തിരിച്ചറിയുന്ന ഒരു പ്രധാനകാര്യം നമ്മുടെ മലയാളം പഴയ മലയാളമല്ല സാങ്കേതിക വിദ്യയുടെ ഒപ്പം നടക്കാൻ ശേഷി സമ്പാദിച്ച ഒന്നാണ് എന്നാണ്. നമ്മുടെ കുട്ടികൾ പുറത്തിറക്കുന്ന ഈ ഇ-മാഗസിൻ തികച്ചും അഭിമാനം ഉളവാക്കുന്നതു തന്നെ.

ഭൂമിയിലെ ജീവജാലങ്ങളിൽ വിശേഷബുദ്ധിയുള്ള മനുഷ്യൻ മാത്രമാണ് തന്റെ ജന്മസിദ്ധമായ കഴിവുകൾ കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നത്. ഓരോ കുട്ടിയുടെ ഉള്ളിലും ഇത്തരം കഴിവുകൾ ഉണ്ട്.ഇത്തരം കഴിവുകളെ വികസിപ്പിക്കാനും പുതിയ നേട്ടങ്ങളിലേക്കെത്തിക്കാനും ശ്രദ്ധിക്കേണ്ട ഒരിടമാണ് വിദ്യാലയം.കാലത്തിനോടും ജീവിതസാഹചര്യങ്ങളോടും ഉള്ള കുട്ടികളുടെ കാഴ്ച്ചപ്പാടുകൾ രസകരമാണ്.നഗരവത്കരണവും പരിസ്ഥിതി നാശവും അവരിൽ ഉണ്ടാകുന്ന ഉത്കണ്ഠയും നിരാശയും അവർ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു.മഞ്ഞുതുള്ളിയും മഴയും കാറ്റും പൂമ്പാറ്റകളും അവരിൽ നിറഞ്ഞുനിൽക്കുന്നത് അവർ തെളിമയോടെ അവതരിപ്പിക്കുന്നു.ഈ സാങ്കേതിക കാലഘട്ടത്തിലും സർഗ്ഗാത്മകമായി ചിന്തിക്കാൻ നമ്മുടെ കുട്ടികൾക്കു കഴിയുന്നത് സന്തോഷകരം തന്നെ.

അറിവുനേടാനുള്ള കേവല പഠനത്തിനപ്പുറം കുട്ടികൾ സഞ്ചരിക്കേണ്ടതുണ്ട്. 'വായിച്ചു വളരുക' എന്ന് പി.എൻ പണിക്കർ പറഞ്ഞത് മനുഷ്യ മനസ്സിനെ വിമലീകരിക്കാനുള്ള വായനയുടെ കഴിവിനെ സാധൂകരിക്കുന്നതാണ്.കുട്ടികൾക്കിടയിൽ വായനയുടെ ,ആവിഷ്കാരത്തിന്റെ പുതിയ സംസ്കാരം വളർന്നു വരട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ.
ശ്രീ പി.രാധാകൃഷ്ണൻ



# നീഹാരികയെ അണിയിച്ചൊരുക്കിയവർ



ഫാത്തിമത്ത് ഹസ്ന



ഹരികേശ്



മുഹമ്മദ് അഫീസ്



അബ്ദുൾ മാജിദ്



ഷഹന



ആകാശ്



രവീണ

# ആശംസ

ഈ വർഷം നമ്മുടെ സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയ ഈ-മാഗസിൻ അവരുടെ സർഗ്ഗാത്മകത വിളിച്ചോതുന്നതാണ്.കുട്ടികളുടെ ഭാഷാപരമായ വളർച്ചയ്ക്ക് ഇത്തരം പ്രവർത്തനങ്ങൾ വളരെ സഹായകരമാണ്. ലിറ്റിൽ കൈറ്റ്സിന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

പി.ടി.എ പ്രസിഡന്റ്

ശ്രീ.എം.അലി

# മുഖമൊഴി


ഹൈടെക്ക് വിദ്യാഭ്യാസത്തിന്റെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് തങ്ങളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാനുള്ള വഴിയൊരുക്കുകയാണ് ലിറ്റിൽകൈറ്റ്സ് എന്ന ഐ.റ്റി.കൂട്ടായ്മ. സാങ്കേതിക വിദ്യയുടെ കടന്നു വരവോടെ കുട്ടികൾ അക്ഷരങ്ങളിൽ നിന്ന് അകലുന്നു എന്ന ഒരു പരാതി പലപ്പോഴും നമ്മുടെ ഇടയിൽ ഉയർന്നു കേട്ടിരുന്നു. എന്നാൽ അറിവിന്റെ ലോകത്തേക്ക് അവനെ കൈപിടിച്ചു നടത്തുന്നതിനോടൊപ്പം അവന്റെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും സാങ്കേതിക വിദ്യക്കു കഴിയും എന്നു തെളിയിച്ചു കൊണ്ടിരിക്കുകയാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഈ e-Magazine കുട്ടികളുടെ സൃഷ്ടികൾകൊണ്ടു സമ്പുഷ്ടമാണ്. പുതിയ തലമുറയുടെ ചിന്തകൾ പ്രതീക്ഷയുണർത്തുന്നു. കാടും പുഴയും പൂക്കളും പൂമ്പാറ്റകളും വയലുകളും നീർത്തടങ്ങളും കുന്നുകളും മലകളും സംരക്ഷിക്കപ്പെട്ടുമ്പോഴാണ് നമ്മളും സുരക്ഷിതരാകുന്നത് എന്ന തിരിച്ചറിവ് അവർക്കുണ്ട്. കുട്ടികളുടെ നന്മകൾ വിളിച്ചോതുന്ന അവരുടെ കൊച്ചു കൊച്ചു സന്തോഷങ്ങളും പ്രതീക്ഷകളും ദു:ഖങ്ങളും പങ്കുവെക്കുന്ന നീഹാരിക എന്ന ഈ കൊച്ചു e-Magazine സന്തോഷപൂർവ്വം നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.


എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ


1. മുഖമൊഴി....................................................................5
2. അവസാനം ഒരാരംഭം (കഥ)................................................8
3. വീടു മാറ്റം....................................................................10
4. പ്രളയം..........................................................................11
5. ആസ്വാദനക്കുറിപ്പ്..........................................................12
6. പേടിയുള്ള ജീവിതം.........................................................13
7. മുല്ലവള്ളി......................................................................15
8. സൗന്ദര്യസൗഹൃദം...........................................................18
9. നാം ദുരന്തത്തിലേക്ക്......................................................21
10. മീൻകൊട്ട......................................................................23
11. അവൾ ഇനി വെറുമൊരു ഓർമ്മ..........................................25
12. ആ യാത്ര.......................................................................26
13. പക്ഷിക്കുഞ്ഞിന്റെ നൊമ്പരങ്ങൾ.....................................28
14. തൃഷ്ണ..........................................................................29
15. സൈബർ സുരക്ഷ............................................................30
16. കുടിയൊഴിയുമോ ഇനിയെങ്കിലും......................................46
17. ഇനി.............................................................................50
18. സ്കൂൾ പാർലമെന്റ് ഇലക്ഷൻ...........................................51
19. സോഷ്യൽ സയൻസ്..........................................................52





20. വിദ്യാരംഗം കലാസാഹിത്യ വേദി.....................................53
21. വായനാദിനം.................................................................53
22. സ്കൗട്ട് ആന്റ് ഗൈഡ് പ്രവർത്തന റിപ്പോർട്ട്.............................54
23. ജൂനിയർ റെഡ്ക്രോസ്സ്.........................................................56
24. കായികരംഗം...................................................................57
25. നമ്മുടെ പ്രതിഭകൾ............................................................58
26. സബ്ജില്ലാ കായികമേളയിൽ മികച്ച വിജയം കരസ്ഥമാക്കിയവർ ..............................................................................59
27. ജില്ലാ ഗണിതശാസ്ത്ര -ഐ.ടി മേളയിലെ കെ.ടി.എം സാന്നിദ്ധ്യം



# അവസാനം ഒരാരംഭം (കഥ)

തേൻമാവ് പയ്യെ കണ്ണ് തുറന്നു. തന്റെ ശരീരത്തിൽ മറ്റേതോ മരം കൂടി വീണിട്ടുണ്ട്. ചുറ്റും മണ്ണ് മാത്രം. മഴ ഇപ്പോഴും ശമിച്ചിട്ടില്ല. തേൻമാവ് പയ്യെ തന്റെ ചില്ലകളിലേക്ക് നോക്കി. അതിനടിയിൽ ജീവനറ്റുകിടക്കുന്ന മനുഷ്യർ. അവളുടെ ഉള്ള് പുകഞ്ഞ് നീറി. എന്തൊരഹങ്കാരമായിരുന്നു. ഉള്ളത് മുഴുവൻ വെട്ടിപിടിച്ച് ആർഭാടമായി ജീവിച്ചിട്ടിപ്പോൾ മണ്ണിനടിയിലായി. ഓരോനിമിഷവും പ്രകൃതിയെ ഇഞ്ചിഞ്ചായി ദ്രോഹിച്ച് അവളെ നശിപ്പിക്കാനാവുന്നതെല്ലാം ചെയ്തു. അവൻ മാത്രമാണ് ഭൂമിയുടെ അവകാശി എന്നാണ് മനുഷ്യന്റെ വിചാരം. ഇല്ല,നീ ചെയ്തതിൽ ഒരു തെറ്റുമില്ല. കഴിവിന്റെ പരമാവധി നീ ക്ഷമിച്ചു. എല്ലാ അതിരും കടന്നിട്ടാണ് നീ ഇങ്ങനെ ചെയ്തത്. മനുഷ്യന്റെ അഹങ്കാരത്തിന് അവനു തന്നെ കിട്ടി. മുമ്പ് വന്ന പ്രളയത്തിനു പോലും മാറ്റാനായില്ല. ഇനി ഇതല്ലാതെ മറ്റെന്തു പാഠമാണ് നൽകുക. ഇന്നിപ്പോൾ നാട് മുഴുവൻ വിഴുങ്ങി മല വന്ന് എല്ലാം മണ്ണിനടിയിൽ. പണ്ട് മനുഷ്യർ നിധികിട്ടാൻ നിർത്താതെ കുഴിക്കാറുണ്ട്. ഇന്ന് ഇവിടെ ധാരാളം പേർ കുഴിക്കുന്നു. പക്ഷെ നിധിക്കു പകരം മണ്ണ് വിഴുങ്ങിയ തന്റെ സഹോദരന്റെ ജീവനറ്റ ശരീരത്തിനു വേണ്ടി.തന്റെ ശിഖരങ്ങൾക്കടിയിൽ മരിച്ചുകിടക്കുന്ന ചിഞ്ചുമോളെ കണ്ടപ്പോൾ തേൻമാവിന് സങ്കടം അടക്കാനായില്ല.

ഇന്നലെ വരെ എന്റെ അരികിൽ വന്ന് മാമ്പഴം തിന്ന്, കളിച്ചു നടന്നവൾ,

ഇന്ന്..... തേൻമാവ് ദീർഘമായി ഒന്ന് നിശ്വസിച്ചു. എല്ലാം അവസാനിച്ചു. മനുഷ്യാ, ഈ അവസാനത്തെ, പ്രകൃതിയെ അറിഞ്ഞ് ജീവിക്കാനുള്ള ഒരു സന്ദേശമായി കരുതി, ഒരു ആരംഭമായിക്കൂടേ? മണ്ണിനെയും മനുഷ്യനേയും അറിഞ്ഞ് മനുഷ്യനായി നേർവഴിയിൽ ജീവിക്കാനുള്ള ഒരു പുതിയ ആരംഭം. തേൻമാവിന്റെ കണ്ണുകൾ പയ്യെ അടഞ്ഞു.അവൾ ഉറക്കത്തിലേക്ക് വഴുതിവീണു. ഒരിക്കലും ഉണരാത്ത ഉറക്കത്തിലേക്ക്. മൃതദേഹങ്ങൾക്കായുള്ള രക്ഷാപ്രവർത്തനവും മഴയും അപ്പോഴും ഇടമുറിയാതെ തുടർന്നു.

അസ്ന ജാസ്മിൻ എം.എ 9A.



# വീട്ട മാറ്റം

സ്വപ്നത്തിലിന്നെനിക്കുണ്ടൊരു വീട്.....
ഒരുപാട് അധ്വാനിച്ചൊരുക്കിയ വീട്...
ലോണടക്കാൻ കൂടി പൈസ ഇല്ലാത്ത ഞാൻ....
എന്റെ മക്കളെ ഇന്ന് എങ്ങനെ പോറ്റും......
കറന്റ്ബില്ലടക്കാൻ ശ്രമിക്കുമ്പോൾ.....
ഇന്നവർ ഫ്യൂസൂരിപ്പോയി....
ലോണടക്കാത്തപ്പോളവർ
എന്റെ വീടെന്നെന്നേക്കുമായി ജപ്തി ആക്കി....
ഇന്നെന്റെ മുമ്പിൽ ഒരു മാർഗം മാത്രമേയുള്ളൂ.....
തെരുവിലെങ്ങും പോയി പിച്ചയെടുക്കാം....
എൻ വീടൊഴിഞ്ഞുപോയ്.....
അധ്വാനം വെറുതെയായി....
സൂക്ഷിച്ചതെല്ലാം കൊടുക്കേണ്ടി വന്നു.....
എങ്ങനെയെങ്കിലും ലോണടക്കാൻ ശ്രമിക്കുമ്പോൾ.....
ഒരു നേരഭക്ഷണത്തിനടക്കം വഴിയില്ല....
ആകെയുണ്ടായിരുന്ന ഒരു ചെറുസമ്പത്തായിരുന്ന
ഒരു ചെറിയ വീടിന്നവർ കൈയ്യടക്കി......
എന്റെ വീടിന്നനാഥയായി.....
ഒഴിഞ്ഞുകിടക്കുന്നു.....
എന്നന്നേക്കുമായി......

സിതാര. പി

ആറ്-എ



അൻഷിദ .V.K

# പ്രളയം

വീടുകളിൽ വെള്ളം കയറി
സാധനങ്ങൾ ഇതാപോകുന്നു.
മുറ്റത്തൊരു ചെടിയും നട്ടു
അത് ഇതാ പോകുന്നു.
മുറ്റത്തു പുന്നാരിച്ചൊരു റോസനട്ടു
അതും ഇതാ പോകുന്നു.
ഇതാ ഒരു മഴ പെയ്യുന്നു
മാനം ഇരുണ്ട്.
ഇടിയും മിന്നലും കൊണ്ടു
മഴ
ജീവൻ എടുത്തതുപോലെ
ഇതാ മഴ എന്നെ കൊണ്ടുപോകുന്നു.
മലകൾ ഇടിഞ്ഞ് നിരപ്പാകുന്നു.
വെള്ളത്തിൽ വീടുകൾ മുങ്ങുന്നു
കണ്ണീർ കണ്ട് ഓടുന്നു
അച്ഛനും അമ്മയും.
ഇനി ഒരു തലമുറയില്ല എന്ന്
ഒരു പ്രളയം
ജീവിതം മട്ടുത്തു തുലഞ്ഞു
പ്രളയത്തിൽ
എന്നെ നോക്കി ചിരിച്ചു
പോകുന്നു

അദൃശ്യ

# ആസ്വാദനക്കുറിപ്പ്

ഇന്ന് ഞാൻ എന്റെ മലയാളത്തിന്റെ ഒരു യോഗത്തിൽ പങ്കുചേർന്നു.ഇവിടെ ഒരു വീഡിയോ കാണിച്ചുതന്നു. എന്റെ ഹൃദയത്തിൽ സ്പർശിക്കുന്ന തരത്തിലുള്ളതായിരുന്നുഅത് .നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു പ്രവർത്തിയായി മാറിക്കഴിഞ്ഞു. നമ്മൾ ഒരു പ്ലാസ്റ്റിക്ക് കുപ്പിയുടെ വില പോലും മാതാപിതാക്കൾക്ക് കൊടുക്കുന്നില്ല. ഒരു പ്ലാസ്റ്റിക്ക് കുപ്പിയെപോലെയാണ് വഴിയിൽ വലിച്ചെറിയുന്നത്. പത്ത് മാസം വയറ്റിൽ ചുമന്ന് പ്രസവിച്ച് നമ്മുടെ കാര്യമെല്ലാം നോക്കി ചെയ്ത് തരുമ്പോൾ നമുക്ക് ഒരു വിലയുമില്ല നമ്മൾ വലുതാകുമ്പോൾ അവർക്ക് വേണ്ട കാര്യങ്ങൾ ഒന്നും ചെയ്യാതെ അവരെ ശ്രദ്ധിക്കാതെ നമ്മുടെ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. നമ്മൾ നമ്മുടെ മാതാപിതാക്കളോട് ചെയ്യുന്ന ദ്രോഹം നമ്മുടെ മക്കൾ നമ്മളെ കണ്ടുപഠിക്കുന്നു.

അതുപോലെ തന്നെ ആ കുട്ടിക്ക് ആ മൃഗത്തോട് സഹജീവി സ്നേഹമാണ് ഉണ്ടായത്. വളരെ സ്നേഹത്തിൽ ആ കുട്ടി ജീവിയെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. പക്ഷെ അവന്റെ പിതാവ് ആ മൃഗത്തെ വലിച്ചെറിയുന്നു. ആ ബാലന്റെ നിഷ്കളങ്കമായ സ്നേഹമാണ് തട്ടിതകർത്തത്. ആ പൂച്ചക്കുട്ടിക്കും ആരോരും ഇല്ലാത്ത അവസ്ഥയാണ്.

ഈ ഒരു video യിൽ ആ പൂച്ചക്കുട്ടിയുടെയും മാതാവിന്റെയും അവസ്ഥ ഒന്നു തന്നെയാണ്. ഇരുവരും ഉപേക്ഷിക്കപ്പെട്ടു.

അക്ഷയ കൃഷ്ണ പി.ആർ

ഏഴ് - ബി

# പേടിയുള്ള ജീവിതം

"പേടിയുള്ള ജീവിതം
മഴയാൽ പേടിയുള്ള ജീവിതം"
എല്ലാവരും കുടിയൊഴിഞ്ഞു പോയി
മഴയിൽ ജീവിതമില്ലാതെ
കുടിയൊഴിഞ്ഞു പോകുന്നു
കുടിലുകൾ ചില്ലകൾ വിട്ടുപോകുന്നു
കാക്കകൾ കൂട്ട വിട്ടിറങ്ങുന്നു
പാമ്പുകൾ മാളം വിട്ട് കുടിയൊഴിഞ്ഞു പോകുന്നു.
പേടിയുള്ള ജീവിതം
മഴയാൽ പേടിയുള്ള ജീവിതം
കഷ്ടതകൾ താണ്ടി കുടിയൊഴിഞ്ഞുപോകുന്നു
എന്തു കഷ്ടത ഇതെന്തു കഷ്ടത
ജീവിതം പേടിയുള്ള ജീവിതം
മനുഷ്യർ പോകുന്നു മാനുകൾ പോകുന്നു
എന്തിന് മൈലുകൾ പോകുന്നു
എന്തൊരു ജീവിതം, ഇതെന്തൊരു ജീവിതം
പേടിയുള്ള ജീവിതം
മഴയാൽ പേടിയുള്ള ജീവിതം
എല്ലാവരും കുടിയൊഴിഞ്ഞ് പോകുന്നു
ലോകത്തിലാദ്യമായി
എല്ലാവരും വീടുവിട്ടിറങ്ങുന്നു
വന്യജീവികൾ കാടുവിട്ട്
നാട്ടിലിറങ്ങുന്നു

മനുഷ്യരാകെ കഷ്ടത്തില്ലാണെ
എല്ലാവരും കുടിയൊഴിഞ്ഞ്
പോകുന്ന
മനുഷ്യരില്ല മൃഗങ്ങളില്ലാത്ത
ലോകം എന്തൊരുലോകം
എന്തൊരു ജീവിതം
ഇതെന്തൊരു ജീവിതം
ആരുമില്ലാതെയാകുന്ന
നാടിൻ പച്ചപ്പുപോയി
ശീതളത നശിച്ചു
മനുഷ്യരില്ലാ മൃഗമില്ല
എന്തൊരു ലോകം
ആരുമില്ലാത്ത ലോകം
എന്തൊരു കഷ്ടത
എല്ലാവരും കുടിയൊഴിഞ്ഞു
പോകുന്ന
പേടിയുള്ള ജീവിതം
മഴയാൽ പേടിയുള്ള ജീവിതം

അനാമിക എം ബി
ആറ്-എ

# മുല്ലവള്ളി

നിലാവുള്ള രാത്രി. എന്നാലും മുഖം കറുപ്പിച്ച് കണ്ണീരടക്കി ഒരു കൂട്ടം മേഘങ്ങൾ അങ്ങുമിങ്ങും പായുന്നുണ്ട്. ഭീതിയോടെയും ഒരു തരം അങ്കലാപ്പോടേയും അവൾ ആകാശത്തെ ഉറ്റുനോക്കി ചിന്താമഗ്നനായ ഉമ്മറവാതിൽക്കൽ നിശബ്ദയായി അങ്ങനെ നിൽപ്പാണ്. നാളെ ആഘോഷത്തിന്റെയും ആഹ്ലാദതിമർപ്പിനും വേണ്ടിയുള്ളതാണ്. പുതിയ വീട്, മൊഞ്ചുള്ള മാരൻ, വീട്ടുകാർ, മൈലാഞ്ചി ചന്തം, ഇനിയുള്ളതിൽ നിന്നും വ്യത്യസ്ഥമായുള്ള ജീവിത പശ്ചാത്തലങ്ങൾ എല്ലാം കൊണ്ട് നാളത്തേക്ക് സംതൃപ്തിയാണ്. കമ്പിളിയും കെട്ടിപ്പിടിച്ച് ഉറക്കത്തിനോട് തോറ്റുകൊടുക്കാൻ അവൾ തയ്യാറല്ലായിരുന്നു. ഒരു പാടുനേരം അവൾ നിശ്ചലയായിരുന്നു. എത്രനേരമാണ് അങ്ങനെ നിന്നതെന്ന് അവൾക്ക് തന്നെ അറിയാത്ത അവസ്ഥ. പെട്ടന്നാണ് അവളുടെ ചുമലിലേക്ക് ഒരു കൈവന്ന് പതിഞ്ഞത്. നോക്കുമ്പം കൊച്ചനുജനാണ്. അവന്റെ എണ്ണമയമില്ലാത ചുരുചുരുണ്ട നൂഡിൽസ് പോലത്ത തലമുടികളിൽ അവൾ കൈപായിച്ചുകൊണ്ടു ചോദിച്ചു "എന്താ ഫൈസി കിടക്ക്ണില്ലേ? നേരെത്രയായി പോയി കിടന്നേ..." അവൻ ചിണുങ്ങിക്കൊണ്ട് തുടർന്നു. 'എന്താ ഇത്താത്ത കെടക്കാത്തെ? നാളെ കല്ലാണം. ഇന്നെനിക്ക് കഥയില്ലാലേ... പറയ്യ്.. ഇത്താത്ത. അവൻ കുണുങ്ങി അവളുടെ മുതുകിൽ ചാടിക്കയറികൊണ്ട് ഇരുട്ടുള്ള മുറിയിലേക്ക് പ്രവേശിപ്പിച്ചു. കിടക്കയിൽ ചാടിയിരുന്ന കൊണ്ട് അവൻ അവളോട് 'വാ' എന്ന ഭാവത്തിൽ ആംഗ്യം കാണിച്ചു. അവൾ പിടക്കുന്ന ഹൃദയത്താൽ പതിയെ നടന്ന് അവനടെയടുതെത്തി. എന്തോ അത്ഭുതമായ ഒരു സംഭവം പ്രകടിപ്പിക്കാൻ അവൻ ഉത്സാഹപ്പെടുന്നുണ്ടന്ന് അവൾക്ക് അവന്റെ കണ്ണുകളുടെ പ്രതിജ്വലനത്തിൽ നിന്നും മനസ്സിലാകുന്നുണ്ടായിരുന്നു. അവൻ ജനൽപാളികളിലൂടെ പുറത്തേക്ക് ചൂണ്ടികൊണ്ട് അവളുടെ മുഖത്തേക്ക് ഉറ്റുനോക്കികൊണ്ടിരുന്നു. ജനലിഴകളിൽ അള്ളിപിടിച്ച് വളർന്നു പന്തലിച്ച അവരുടെ മുല്ലച്ചെടി. വിടർന്നു നിൽക്കുന്ന മുല്ലകൾക്ക് തന്നെ കെട്ടാൻ പോകുന്ന ഭർത്താവിന്റെ പുഞ്ചിരിയെക്കാൾ മൊഞ്ച്കൂടുതലാണോ? എന്ന അവൾ സംശയിച്ചുപോയി. അവനും അതിന്റെ

സൗന്ദര്യത്താൽ നട്ടപോയ അണ്ണാനെ പോലുള്ള നിൽപ്പാണ്. സത്യത്തിൽ വിരഹവേദന വേട്ടയാടുന്നുണ്ടെന്ന് രണ്ടു പേർക്കും വ്യക്തമാണ്. 'ഇത്താത്ത' എന്ന വിളിയോടെ അവളെ അള്ളിപിടിച്ച്, കെട്ടിപ്പുണർന്ന് കൊണ്ട് അവൻ പൊട്ടിക്കരയുകയാണുണ്ടായത്.അന്ന് ആ രാത്രിയിൽ പുസ്തകങ്ങൾക്ക് വേണ്ടി പൊരുതിയ അറേബ്യൻ പെൺകുട്ടിയായ അലിയുടെ കഥ അവൾ അവന് പറഞ്ഞുകൊടുത്തു. ഹൃദയം പതിയെ ശബ്ദിക്കുന്നതും ഘടികാരസൂചിയുടെ പായലിന്റെ 'ടിക് ' 'ടിക് ' ശബ്ദവും മാത്രം കേൾക്കുന്നതുവരെ അവനരികിൽ അവൾ ഏങ്ങലടക്കി. വിരഹത്തെ പാടെ വിഴുങ്ങി. രാത്രിയിൽ തലയണക്ക് അവൾ തന്റെ കണ്ണുനീർ ദാനമായി നൽകുകയുണ്ടായി. നാളെ മംഗല്യ പന്തലിൽ തന്റെ മാതാപിതാക്കളെയും കൊച്ചനുജൻ ഫൈസിയേയും വേർപിരിഞ്ഞ് മറ്റൊരു കുടുംബത്തിലേക്ക് പോവുകയും അവിടം അണയാത്ത വിളക്കായി ജ്വലിക്കേണ്ടത് അവളാണെന്നും ഓർത്തപ്പോൾ സഹിക്കാനായില്ല. തനിക്കുള്ള തിരാപ്രതികാരങ്ങളെല്ലാം അവൾ സ്വയം ശരീരത്തിനു തന്നെ നൽകുകയാണുണ്ടായത്. സാധാരണ കോരിച്ചൊരിഞ്ഞമഴയത്ത് ഏലമിട്ട ചൂടുകട്ടൻ ചായയും കുടിച്ച് കമ്പിളിയും പുതച്ച് സുഖ നിദ്രയിലാണ്ടുകിടക്കുന്ന് അവൾ ആ രാത്രിയിൽ പതിവു ശൈലികളെല്ലാം പാടെ ഉപേക്ഷിച്ചു. വടക്കിനി മൂലയിൽ നിന്നും ശബ്ദകോലാഹലം കുറച്ച് കൂടുന്നുണ്ടായിരുന്നു. കല്യാണത്തിന്റെ തിരക്കാണ് എല്ലാവർക്കുമെന്ന് അവരുടെ മുഷിഞ്ഞ വസ്ത്രവും കരി പടർന്ന കൈകളും കരിവാളിച്ച മുഖവും കണ്ടാൽ പിടികിട്ടും. പെട്ടെന്നെല്ലാം നിലച്ചു. എവിടെ നിന്നോ പാറക്കെട്ടുകളുടെയും കുത്തിയൊലിക്കുന്ന ചെളിവെള്ളത്തിന്റെയും ഘോര ശബ്ദം മുഴങ്ങി കൊണ്ടിരിക്കുന്നു. തന്റെ വീടും കുടുംബാംഗങ്ങളും എല്ലാവരും എവിടെ? അവൾ നാലുപാടും കണ്ണോടിച്ചു. വെള്ള വസ്ത്രം അണിഞ്ഞ ഒരു സ്ത്രീ തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതായി അവൾക്ക് തോന്നി. അതെ, അവൾ ഇപ്പോൾ ആശുപത്രിയിലാണ്. ഒന്ന് പരതിയപ്പോൾ കണ്ടത് ഗുരുതരാവസ്ഥയിൽ മരണത്തോട് മല്ലിടുന്ന ഉമ്മയും ബാപ്പയുമാണ്. തുറന്ന കൺകളിൽ അവൾക്ക് കാണാനായത് തന്റെ കൊച്ചനുജൻ ഫൈസിയുടെ മുഖം മാത്രമാണ്.

കൈയിലുണ്ടായിരുന്ന സ്റ്റിക്കർ തട്ടിമാറ്റികൊണ്ട് അവൾ അലറി. എവിടെ എന്റെ ഫൈസിമോൻ? അവൾ അവിടെയെങ്ങും ഒരുതരം ഭ്രാന്തിയെ പോലെ ഓടിയലഞ്ഞു. അപ്പോഴും എവിടെയൊ ജനൽ പാളികളിൽ അള്ളിപിടിച്ച മുല്ലപ്പൂവിന്റെ സൗരഭ്യം എങ്ങും പറക്കുന്നുണ്ടായിരുന്നു. പടർന്ന് പന്തലിച്ച ആ മുല്ലവള്ളികൾ സർപ്പം പോലെ അവളെ കെട്ടിപ്പുണർന്നു. ഒരുതരം അസ്വസ്ഥതയോടെ അവളുടെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. ഇത്താത്താ........

അയിഷ ജുമാന സി. പി

ഒമ്പത് എ



# സൗന്ദര്യസൗഹൃദം

അതൊരു ഗ്രാമപ്രദേശമായിരുന്നു. ഫാക്ടറികളും ഫ്ളാറ്റുകളും നഗരവും കാണാത്തൊരു നാട്. അവിടെയുള്ളവരാരും ഇതുവരെ നഗരം കണ്ടിട്ടില്ല. എല്ലാം അവിടെ ഉണ്ടായിരുന്നു. അല്ലെങ്കിൽ എത്തിക്കുമായിരുന്നു. തോട്ടങ്ങളും പാടങ്ങളും പുഴകളും കുന്നുകളും വയലുകളും അങ്ങനെയെല്ലാം നിറഞ്ഞൊരു കുഗ്രാമം. അവിടെ ചിലർ കയ്യേറാൻ നോക്കുന്നുണ്ട്. പക്ഷേ അവിടത്തെ ഗ്രാമത്തലവൻ ശ്രദ്ധിക്കുന്നതുകൊണ്ട് കാര്യമായ പ്രശ്നങ്ങൾ ഒഴിവാകുന്നു എന്നുമാത്രം. ഗ്രാമത്തലവനാണ് ശങ്കുണ്ണിപ്പിള്ള. അദ്ദേഹം കുറേ നാടുകൾ ചുറ്റിക്കണ്ടിട്ടുണ്ട്. മറ്റെല്ലാ നാടിനേക്കാളും തന്റെ നാടിന് ഒരു പ്രത്യേകത ഉണ്ടെന്ന് ആദ്യം മനസ്സിലാക്കിയത് ഇദ്ദേഹമാണ്. രോഹിത് ശങ്കുണ്ണിപ്പിള്ളയുടെ രണ്ടാം മകനാണ്. ആദ്യത്തെ മകൻ പുറത്തുപോയി പഠിക്കുകയാണ്. ആ നാട്ടിൽ ശങ്കുണ്ണിപ്പിള്ളയെ എല്ലാവർക്കും വിശ്വാസമായിരുന്നു. അദ്ദേഹം തന്റെ ഗ്രാമത്തെ ഒരുപാട് സ്നേഹിച്ചിരുന്നു. ശങ്കുണ്ണിപ്പിള്ളയുടെ ഭാര്യയാണ് സുലോചന. എല്ലാം ഇവിടത്തെ പോലെയല്ല. സുലോചന പുറത്തു പഠിച്ചുവളർന്നവളായിരുന്നു ശങ്കുണ്ണിപ്പിള്ള കല്യാണം കഴിച്ചത്. ശങ്കുണ്ണിപ്പിള്ളക്കിപ്പോ അറുപത് വയസായി. ഭാര്യക്കിപ്പോൾ 52 ഉം. ഭാര്യയുടെ പെരുമാറ്റം പിള്ളക്ക് അത്രക്കിഷ്ടമായിരുന്നില്ല. എങ്കിലും ഇടക്കേ ഉള്ളു ഈ ചൂടാവൽ. ആളൊരു പച്ചപ്പാവമാണ് എന്നു വിചാരിച്ച് വിട്ടുകളയും. മൂത്തമകൻ എഞ്ചിനീയറിംഗിനു പഠിക്കുകയാണ്. ഇടക്കിടെ വീട്ടിൽ വന്നുപോകും, പക്ഷേ അവന് ഈ കുഗ്രാമത്തോട് വല്യ താൽപ്പര്യമില്ല. ജനിച്ചു വളർന്ന നാടാണെങ്കിലും നഗരവുമൊത്ത് പുതിയ പുതിയ താൽപ്പര്യം. എന്നാൽ രണ്ടാമത്തവന് പ്രകൃതി പ്രിയൻ എന്നൊക്കെ പറയുന്നപോലെ ഒരാളായിരുന്നു. സത്യത്തിൽ ശങ്കുണ്ണിപ്പിള്ള ഈ ഗ്രാമവാസി അല്ലായിരുന്നു. നഗരത്തിൽ വന്ന പിള്ളക്ക് ചെറുപ്പം മുതൽക്കേ പ്രകൃതിയോട് കുറച്ച് താൽപ്പര്യം കൂടുതൽ ആയിരുന്നു. തന്റെ ജീവിതാനുഭവങ്ങളാണ് തന്നെ താനാക്കിയത് എന്ന് പിള്ള എപ്പോഴും

പറയുമായിരുന്നു. എന്നാൽ എന്താണ് ആ ജീവിതാനുഭവം എന്ന് പിള്ള ഇതുവരെ ആരോടും പറഞ്ഞിട്ടില്ല. ജീവിതത്തിൽ നിന്നാണ് പാഠങ്ങൾ ഉണ്ടാകുന്നത് എന്ന് പിള്ള മക്കളോട് പറയുമായിരുന്നു. ഒരു ദിവസം പുലർച്ചെ കേശവൻ ഓടിക്കിതച്ച് വാതിൽ മുട്ടി വിളിക്കുന്നുണ്ടായിരുന്നു. തുറന്നുനോക്കി കാര്യമന്വേഷിച്ച പിള്ള ഒന്നുംമിണ്ടാതെ ഓടിമറയുന്നത് കണ്ടു സുലോചന നിന്നു. ഇതാണ് പിള്ളയുടെ പ്രകൃതം. ആരാ എന്താ എന്നറിയുന്നതിനു മുമ്പേ ഓടി നാട്ടുകാരുടെ കാര്യം പരിഹരിക്കാൻ പോകും. അതേതു നട്ടപ്പാതിരയായാലും പിള്ള പോകും. അതായിരുന്നു പിള്ളയെ ഏറെ പ്രശസ്തനാക്കിയത്. നഗരത്തിൽ വളർന്നതായിട്ടും പിള്ള എന്താണ് ഇങ്ങനെ ഗ്രാമത്തെയും പ്രകൃതിയെയും സ്നേഹിക്കാൻ കാരണമെന്ന് സുലോചന പലപ്രാവശ്യം ചിന്തിച്ചിട്ടുണ്ട്. ഗ്രാമവാസിയായ ശീതളന്റെ മകനും പ്രകൃതിയുമായി അത്ര പൊരുത്തമില്ല. ദിനംപ്രതി അനുഭവിക്കുന്ന സുഖത്തിന്റെ അളവ് എത്രയാണെന്ന ബോധവും കുറവും അതിലുണ്ട്. ശീതളന്റെ മകനായ രാമുവുമായിട്ട് പിള്ളയുടെ മൂത്തമകന് നല്ല കൂട്ടാ. അവർ ആ നാട്ടിൽ അറിയപ്പെടുന്ന ഉറ്റ സുഹൃത്തുകളായിരുന്നു. ഒരു ദിവസം പിള്ളയുടെ മൂത്തമകൻ ഹരി നാട്ടിലെത്തി. കൂട്ടുകാരനെ നാലു വർഷത്തിനുശേഷം കാണുന്നതിന്റെ സന്തോഷം റാമിന് പറഞ്ഞറിയിക്കാനായില്ല. എന്നാൽ ഹരിയുടെ വീട്ടിലേക്ക് റാം ചെന്നപ്പോൾ ഹരി കണ്ട ഭാവം കാണിച്ചില്ല. നഗരത്തിൽ പഠിച്ചുവളർന്നതുകൊണ്ട് പഴയ ഉറ്റചങ്ങാതി അവനൊരു ഭാരമായതുപോലെ. എന്നാൽ റാമുണ്ടോ പിൻ മാറുന്നു. അവൻ ഹരിയെ കെട്ടിപ്പിടിച്ചു. ഉമ്മ കൊടുത്തു. പക്ഷേ ഹരിയുടെ പെരുമാറ്റം അവനെ ഏറെ സങ്കടത്തിലാഴ്ത്തി. എന്തായിത് അമ്മേ.... ആരാ ഈ തെണ്ടിച്ചെക്കനെ വീട്ടിൽ കയറ്റിയത് ? എന്ന ഒരൊറ്റ ചോദ്യത്തിൽ അവന് മനസ്സിലായി ഇത് തന്റെ പഴയ ഹരിയല്ല എന്ന്. അവൻ അവിടെനിന്ന് കരഞ്ഞുകൊണ്ട് ഓടിപ്പോയി. ചെടികളോടും കാറ്റിനോടും തന്റെ സങ്കടം അവൻ അറിയിച്ചു. അവർ അവനെ ആശ്വസിപ്പിച്ചു. ഈ കാറ്റുവന്നവനെ കുളിർമയേകിച്ചു. മരച്ചില്ലകൾ അവനെ ചില്ലകൾ കൊണ്ട് പൊതിഞ്ഞു. അവൻ ഭൂമിയാകുന്ന അമ്മയോട് തൻറെ സങ്കടം പറഞ്ഞു. ഇളംപുല്ലിന്റെ മുകളിലൂടെ കിടന്നു.

ഇളംപുല്ലിലെ മഞ്ഞുകുമിളകൾ അവന് ആശ്വാസമായി. അവൻ എന്നും ഇതുപോലെ ചെയ്യാൻ തുടങ്ങി. മറ്റെല്ലാവരേക്കാളും അവൻ പ്രകൃതിയെ സ്നേഹിക്കാൻ തുടങ്ങി. പ്രകൃതിയല്ലാതെ മറ്റൊരു സുഹൃത്തും തനിക്കിനിയുണ്ടാകില്ല എന്നവൻ ശപഥം ചെയ്തു. ഇതിനിടെ ഹരി അവന്റെ അച്ഛൻ അറിയാതെ ചില പേപ്പറുകളിൽ കാപട്യത്താൽ ചില ഒപ്പുകൾ വാങ്ങി. അതവനാ ഗ്രാമത്തെ തകർക്കാൻ വേണ്ടിയും ഫ്ലാറ്റുകൾ കെട്ടിപ്പൊക്കാൻ വേണ്ടിയും ആയിരുന്നു. പിള്ളക്ക് ഇതെല്ലാം നോക്കി നിൽക്കേണ്ടിവന്നു. തന്റെ മകൻ തന്നെ ഇപ്രകാരം വഞ്ചിക്കുമെന്ന് പിള്ള സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. റാം ഹരിയോട് ഒരു പാടു കേണു പറഞ്ഞു. ഫ്ളാറ്റുകൾ ഇവിടെ കെട്ടല്ലേ, ഭൂമിയെ നശിപ്പിക്കല്ലേ എന്ന്. ഹരി ഇതൊന്നും കൂട്ടാക്കിയില്ല. കുന്നുകൾ പൊളിച്ചു. ഫാക്ടറി നിർമ്മിക്കാൻ പറഞ്ഞു. കുന്നുകൾ ഇടിച്ച് നിരപ്പാക്കുന്നത് കണ്ടുനിൽക്കാനേ നാട്ടുകാർക്ക് കഴിഞ്ഞുള്ളു. ഫാക്ടറികളിലെ അവശിഷ്ടങ്ങൾ പാടങ്ങളിൽ വന്ന് പാടങ്ങൾ നശിച്ചു. കുന്ന് നികത്തുന്നതിന് ഇടയിൽ ഒരുപാട് വീടുകളും മനുഷ്യരും പെട്ടുപോയിരുന്നു. ഹരി തീരെ കണ്ണിൽ ചോരയില്ലാതെ നടന്നു. ഇതെല്ലാം കണ്ട് ആ പാവം പിള്ള ആത്മഹത്യ ചെയ്തു. പിള്ള മരിക്കുമ്പോൾ ഒരു കത്ത് എഴുതിയിരുന്നു. കത്തിന്റെ ഉള്ളടക്കം. " ഞാനിന്നുവരെ മറ്റുള്ളവരെ ഉപദേശിച്ചിട്ടില്ല. ഉപദ്രവിക്കാൻ ശ്രമിച്ചിട്ടുമില്ല. ഒരു കർഷകനാവണമെന്നായിരുന്നു എന്റെ ആഗ്രഹം. അതു ചെയ്യാൻ തുടങ്ങുമ്പോഴാണ് എന്റെ അച്ഛൻറെ നിർബന്ധപ്രകാരം ഉപരിപഠനത്തിന് പോയത്. എന്റെ സുഹൃത്തായിരുന്ന രാമു അവൻ മരിച്ചു വീണ മണ്ണാണിത്. എന്നാണ് ഈ നാട് എനിക്ക് വിലയുള്ളതാവുന്നത്. അവനീ മലകൾ വളരെ ഇഷ്ടമായിരുന്നു. അതിന്റെ താഴെ ഒഴുകുന്ന പുഴയിൽ ഞങ്ങളൊത്തിരി നീന്തിക്കളിച്ചും കഥകൾ പറഞ്ഞും നടന്നിട്ടുണ്ട്. അവിടത്തെ പൂക്കൾക്കും പുഴകൾക്കും മരങ്ങൾക്കും ഞങ്ങളെ അറിയാം .അവന്റെ ആഗ്രഹമായിരുന്നു ഫ്ളാറ്റുകളും ഫാക്ടറികളും ഈ നാട്ടിൽ വരരുതെന്ന്. ഇനി അതിന് കഴിയില്ലല്ലോ...... അവന് കൊടുത്ത എന്റെ പ്രതിജ്ഞ എന്റെ കൂടെ ഈ മണ്ണിൽ ചേരട്ടെ."


അനാമിക 8A

# നാം ദുരന്തത്തിലേക്ക്

ചന്ദ്രനും ലക്ഷ്മിയും നല്ല കുടുംബജീവിതം നയിക്കുന്ന ദമ്പതിമാരാണ് ഇവർക്ക് രണ്ട് മക്കളുണ്ട്. കവളപാറയിലെ ഒരു പ്രശസ്തമായ വക്കീലാണ് ഇവരുടെ വലിയ പുത്രൻ. ഇളയവൻ ഒരു പോലീസ് ഉദ്യോഗസ്ഥനാകാൻ കഠിനമായ പരിശീലനത്തിലാണ്. ചന്ദ്രനും ലക്ഷ്മിയും ദിവസവും നടക്കാൻ പോകും. അവരുടെ വീട് മുതൽ അടുത്തുള്ള അമ്പലക്കുളം വരെ. ദിവസവും നടക്കാൻ പോകുമ്പോൾ രണ്ടു പേരുടെ കൈയിൽ പ്ലാസ്റ്റിക് കവറുകൾ ഉണ്ടാകും. അടുത്തുതന്നെ ഒരു പുഴയുണ്ട് അവിടെ ഈ മാലിന്യങ്ങൾ നിക്ഷേപിക്കാറാണ് പതിവ്. വർഷങ്ങളായി ഇത് തുടരുകയാണ്. ഇവരെപ്പോലെതന്നെ മറ്റു എല്ലാവരും ഇതാണ് ചെയ്യാറ്. ലക്ഷ്മിയുടെ ഇളയമകൻ അവരുടെ വീടിനോട് ചേർന്ന് അത്യാവശ്യം ലാഭത്തിൽ തനിക്ക് വീട് നിർമിക്കാൻ 20 സെന്റ് സ്ഥലം വാങ്ങി. വക്കീലായ ചേട്ടന്റെ സഹായത്തിലാണ് വീട് നിർമ്മിക്കുന്നത്. വീടിന്റെ പണി തുടങ്ങി. പല തരം എൻജിനിയർമാരുടെ സഹായത്താ എല്ലാവിധ സൗകര്യങ്ങളുള്ള ഒരു വീടു പണിഞ്ഞു. കുടിയിരിക്കൽ എല്ലാം ആഡംബരമായി നടത്തി. അങ്ങനെ അവർ സന്തോഷത്തിലായിരുന്നു. പിന്നീട് ഒരു ദിവസം ചന്ദ്രന് നല്ല നെഞ്ചുവേദന. തൊട്ടടുത്തുള്ള അയൽവാസികൾ എല്ലാം ചന്ദ്രനെ ഒരു "സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ആക്കി." വീൽചെയറിലിരുത്തി. ICU വിലേക്കാക്കി. ലക്ഷ്മി അകെ തളർന്നു. കുടുംബാംഗങ്ങൾ എല്ലാവരും വിവരമറിഞ്ഞ് കവളപ്പാറയിലെത്തി. തളർന്ന കിടക്കുന്ന ലക്ഷ്മിയെ അവർ എല്ലാവരും സമാധാനിപ്പിച്ചു. ചന്ദ്രൻ അടിയന്തരമായ ഹൃദയശസ്ത്രക്രിയക്ക് ശേഷം ഡോക്ടർ പറഞ്ഞു ഒരു മാസം നല്ലവണ്ണം ശ്രദ്ധിക്കണം അല്ലെങ്കിൽ മുറിവ് പഴുക്കും. അതുകൊണ്ട് അവർ ആശുപത്രിക്ക് സമീപത്തുള്ള ഒരു കുടുംബാംഗത്തിന്റെ വീട്ടിൽ താമസിക്കാൻ തുടങ്ങി. അവിടുത്തെ എല്ലാ സാഹചര്യങ്ങളുമായി ചന്ദ്രനും ലക്ഷ്മിയും പൊരുത്തപ്പെടാൻ തുടങ്ങി. നവംബർ 17 ആയി. ഡോക്ടറെ കാണേണ്ട സമയമായി. അവർ ആശുപത്രിയിൽ എത്തി. ഡോക്ടറെ കണ്ടു .അപ്പോൾ ഒരു കുഴപ്പവുമില്ല. അതുകൊണ്ട് അവർ എല്ലാവരും ബന്ധുവീട്ടിൽ നിന്ന് ഒരാഴ്ച്ക്ക്

ശേഷം തന്റെ വീട്ടിലേക്ക് വരാൻ തീരുമാനിച്ചു. എല്ലാ ദിവസവും വാർത്തകാണൽ ചന്ദ്രന്റെ പതിവാണ്. അപ്പോൾ തന്റെ വീട്ടിലേക്കുള്ള വഴി ഒരു മരം പൊട്ടിവീണതുകൊണ്ട് തടസ്സപ്പെട്ടു. ചന്ദ്രൻ ആണെങ്കിൽ തന്റെ വീട്ടു കാണാൻ കൊതിക്കുകയായിരുന്നു. പക്ഷെ അങ്ങോട്ടെത്താൻ യാതൊരു വഴിയുമില്ല. പിന്നീട് അവിടെ കേബിൾ, കറണ്ട് ഒന്നുമില്ല. പിന്നീട് അവിടെ രക്ഷാപ്രവർത്തകർ വന്ന് മരം മുറിച്ച് നീക്കി വഴി ശരിയാക്കി. ചന്ദ്രനും ലക്ഷ്മിയും മക്കളും ബന്ധുവീട്ടിൽ നിന്ന് യാത്ര പറഞ്ഞിറങ്ങി.തന്റെ വീടിനടുത്തെത്തിയപ്പോൾ ജനക്കൂട്ടം കണ്ട് അവർ ഓടിച്ചെന്നു.മുന്നിൽ കണ്ട മരുഭൂമിയിലൂടെ തന്റെ വീട് അന്വേഷിച്ച് അവർ നടന്നു. നാം വലിച്ചെറിഞ്ഞ മാലിന്യങ്ങളും പ്രകൃതിയോട് ചെയ്യുന്ന ചൂഷണങ്ങളും കാരണമാണ് ഈ ദുരന്തം തങ്ങൾ അനുഭവിക്കേണ്ടി വന്നത് എന്ന യാഥാർത്ഥ്യം അവർ തിരിച്ചറിയുകയായിരുന്നു.

അശ്വിൻ സി. എച്ച് എട്ട് -എ



വിശാഖ് എം.കെ

# മീൻകൊട്ട

ഇന്ന് പതിവിനേക്കാൾ തെരക്കുണ്ടലോ. രാമു എത്തിവലിഞ്ഞ് അബൂക്കറാക്കാന്റെ പീടികയിലേക്ക് തലനീട്ടി. അബൂക്കാ.......അബൂക്കാ......ഒരു കട്ടൻ. അല്ല അബൂക്ക ദിവസം കൂട്ടം തോറും ഇങ്ങടെ കടേല് തെരക്ക് കൂടാണല്ലോ? എന്താ ഇതിന്റെ രഹസ്യം.

ഹൊ ഇന്റെ രാമ്വോ അനക്ക് അറീണതല്ലേ ഇന്റെ കട്ടന്റെ സ്വാദ്. കുടിച്ചാലും കുടിച്ചാലും പൂതിമാറൂല്ലന്നാ ആള്വോള് പറയണത്. ഇനിക്കെന്തൊ വല്ല്യ രുചിയൊന്നും തോന്നീല്ല. അബൂക്ക വെറുതേല്ല ഇങ്ങളെ ആൾക്കാര് വെട്ടബു എന്ന് വിളിക്കണത്ട്ടോ. അല്ല ഇനിയ്ക്ക് ഇങ്ങളോട് കൂട്ടം കൂടാൻ നേരല്ല്യ. മൂന്ന് പെൺകുട്ടള്ളാ വളർന്ന് വരണത്. ഇക്ക് ഈ മീൻ വിറ്റിട്ട് വേണം അവിറ്റങ്ങളെ പോറ്റാൻ. ഇങ്ങക്ക് ഇവിടെ നിന്ന് ചെലച്ചാൽ മതിയല്ലോ. ഞാൻ പോണു....
രാമ്വോ ഇന്നോട് തർക്കിച്ച് പോയവരൊന്നും ജീവിതത്തിൽ ഗതിപിടിച്ചിട്ടില്ലട്ടോ ഇയ് ഓർത്തോ....... അബൂക്കാ.... ഞാൻ ഇന്റെ നെഞ്ചിലെ പെടക്കലോണ്ട് പറഞ്ഞതാ...... ഇങ്ങള് ശമിക്കീം....... അല്ല അബൂക്കാ നമ്മടെ ഈ പൊന്നാനിമല്ല ഒരു പൊന്നെന്നെല്ലേ..... എന്താ ചന്തം. നമ്മടെ നാടിന്റെ ഭംഗി ഈ മലേലാണ് ലേ....... ഈ പറഞ്ഞത് ശര്യാ രാമ്വോ..... ഇമ്മള് ഈ പൊന്നാനിക്കാരുടെ പരൗട് തന്നയാ ഈ മല. പരൗട് അല്ല അബൂക്ക പ്രൌട് രാമു തർക്കിച്ചു. രാമ്യോ... അന്നോട് നമ്മൾ പറഞ്ഞീക്കണ് ഇജ് നമ്മളെ പഠിപ്പിക്കെണ്ടാന്ന്. അന്റെ മോത് ചുട് ചായ ഒഴിച്ചും ഞാൻ. അല്ല സേതുവേട്ട ഇങ്ങളെന്താ ഈ മലേല് നോക്കി ഇരുന്ന കുറിയ്ക്കണെ. അബൂക്കാ തെല്ല സംശയത്തോയെ ചോദിച്ചു. മൊഖത്തെ കണ്ണടമൂക്കിന്റെ ഉമ്പതേക്കാക്കി സേതി അമ്പൂന്നെ ഒന്ന് നോക്കി എന്നിട്ട് പറഞ്ഞു. അബ്വ്യോ... അരാ... ഈ കുഞ്ഞുണ്ണി മാഷ്? അബൂ ഒട്ടും സംശയല്ലാതെ പറഞ്ഞു കുഞ്ഞുണ്ണിനെ അറിയാതതാറാണ്ടൊ. എത്ര തലയെടുപ്പുള്ള ആനകളോടെ

പാപ്പാനാ.... കുഞ്ഞുണ്ണിനെ ഇന്നലേം കൂടി ഞാൻ കണ്ടിട്ടൊള്ളു. അല്ല സേതു ഈ മലേം കുഞ്ഞുണ്ണിതമ്മിലെന്താ ബെന്ധം?

സേതു ഒന്ന് മുഖം ചുള്ളിപ്പിച്ചു ചോയ്യിച്ചു. ഇങ്ങക്ക് എഴുത്തുകാരൻ കുഞ്ഞുണ്ണിമാഷിനെ അറിയിലെ...... ഒരു കളിയാക്കുന്ന സ്വരത്തിൽ അബു പറഞ്ഞു. ഒന്ന് മലേനെ നോക്കിയിരുന്ന് പൊന്നാരം കാട്ടുനത് പോരാനിട്ട് ഇന്നോട് ചോദ്യം ചോദിച്ച് കളിക്കപോ. സെയ്ത്താനേ ഇന്റെ കടേന്ന് എന്ന് പറഞ്ഞ് അബു സേതുനോട് കയർത്തു. ഒരു സംശയഭാവത്തിൽ സേതു അബുവിനോട് ചൊതിച്ചു. അല്ല അബൂക്ക ഇങ്ങള് ചോയ്ച്ചത് ഞാൻ എന്താ എഴ്ത്ണ് എന്നല്ലേ. ഞാൻ നമ്മുടെ ഈ മലയുടെ സൗന്ദര്യത്തെ പറ്റി ഒരു കവിത എഴുതുയായിരുന്നു. കവതയ്യോ ഒന്ന് കേകട്ടെ സേതുവ്വ്യോ.. ഒന്ന് പാട് അബൂക്കയുടെ കണ്ണിൽ ആകാംക്ഷയായി. എഴുതിയ പുസ്തകം അടച്ചുവച്ചു സേതു പറഞ്ഞു പാട്ട് മുഴുവനായിട്ടില്ല. മുഴുവനായിട്ട് ഞാൻ പാടിതരാന്ന്. ആയിക്കോട്ടെ തന്റെ സൗകര്യം പോലെ എന്ന് പറഞ്ഞ് അബു മലേല് നോക്കിപറഞ്ഞു. സേത്യോ ഇയ് കാണ്ണ്ണ്ടോ മലേല് ഒരു ഇരുണ്ട് നിൽക്കുന്ന ഭാഗം. അബൂ തുടർന്നു.

മൃദുലാമോൾ
IX-A

# അവൾ ഇനി വെറുമൊരു ഓർമ്മ

മലയിടിച്ചിലിൽ നിന്ന് രക്ഷപ്പെട്ട ഭാസ്കരൻ മകളെ കണ്ടപ്പോൾ വല്ലാത്ത സന്തോഷമായി. ഭാസ്കരൻ മകളോടു ചോദിച്ചു ചിന്നുമോളേ നിനക്ക് വല്ലതു പറ്റിയോ മകൾ പറഞ്ഞു അച്ഛന്റെ ചിന്നു മോൾക്ക് ഒന്നും പറ്റിയില്ല. ഞാൻ ആകെ പേടിച്ചു പോയി. ഭാസ്കരൻ ചോദിച്ചു അമ്മ എവിടെ. അമ്മ അവിടെ നിൽക്കുന്നുണ്ടച്ഛാ. എന്നാൽ അമ്മയെ ഇങ്ങോട്ട് വിളിക്ക്. ഇതാ ഇപ്പോ വിളിച്ചുകൊണ്ടുവരാം. (കുറച്ച് സമയം കഴിഞ്ഞ്) ദാ അച്ഛാ അമ്മ. ഭാസ്കരൻ ഭാര്യയോട് പറഞ്ഞു. നീ എന്താനാടി കരയുന്നെ. “ നമ്മുടെ വീടും എല്ലാം പോയില്ലേ.” ഭാസ്കരൻ "അതു വീണ്ടുമുണ്ടാക്കാമല്ലോ. നമ്മക്കും ചിന്നുമോൾക്കും ഒന്നും പറ്റിയില്ലല്ലോ.” ഭാര്യ: നമ്മുടെ നാടുമുഴുവൻ മണ്ണിനടിയില്ലാ നാട്ടിലെ നിറയെ ആൾക്കാർ മരിച്ചു. ഭാസ്കരൻ: അതു ശരി എത്രപാവപ്പെട്ടവരാ മരിച്ചത്. ചിന്നു മോളിങ്ങോട്ടു വന്നെ. ചിന്നു മോൾഓടി വരുമ്പോൾ നിലത്തുവീണു. എന്നിട്ട് കരഞ്ഞുകൊണ്ട് ഭാസ്കരന്റെ അടുത്തുവന്നു. ഭാസ്കരൻ പറഞ്ഞു കരയണ്ട മോളേ. എന്നിട്ട് അവൾക്ക് ഒരു ഉമ്മ കൊടുത്തു. അപ്പോൾ ചിന്നുമോൾ കരച്ചിൽ നിർത്തി. ഭാസ്കരൻ പറഞ്ഞു അച്ഛന് ഒരു ഉമ്മ തരുമോ ചിന്നുമോൾ: തരാലൊ. എന്നിട്ട് ഭാസ്കരന്റെ നെറ്റിയിൽ ഒരുമ്മ കൊടുത്തു. പെട്ടന്നാണ് ഭാസ്കരന് ബോധം വന്നത് അപ്പോഴാണ് അയാൾക്ക് മനസ്സില്ലായത്. അയാൾ സ്വപനം കണ്ടതാണെന്ന്. അയാൾ അവിടെ ഭാര്യയേയും മോളെയും തിരഞ്ഞു. പക്ഷേ അവിടെ കണ്ടില്ല. അപ്പോഴാണ് അറിഞ്ഞത് ഭാര്യയും മോളും വെറും ഓർമ്മയാണെന്ന്. അയാൾ തന്റെ പേഴ്സിലെ ഭാര്യയുടെയും മകളുടേയും ഫോട്ടോ നോക്കിതേങ്ങിക്കരഞ്ഞു...

മുഹമ്മദ് ആസിഫ് എം.പി
ആറ് -എ

# ആ യാത്ര

എന്താണീ മഴ തോരാത്തത്? ആഘോഷ് അവനോടു തന്നെ ചോദിച്ചു. അവൻ തന്റെ ചേച്ചിയുടെ വീട്ടിലേക്ക് പോവുകയായിരുന്നു. ഇന്നലെയാണവൻ ഈ വാർത്ത അറിഞ്ഞത്. അവൻ വളരെ സന്തുഷ്ടനായിരുന്നു. അവൻ ട്രെയിനിലാണ് അങ്ങോട്ട് പോകുന്നത്. എറണാകുളത്തു നിന്ന് നിലമ്പൂരിനടുത്തുള്ള കവളപ്പാറയിലേക്കാണ് അവന് പൊകേണ്ടത്. അങ്ങോട്ട് പോകും വഴി അവന് വളരെ അധികം കാഴ്ചകൾ കാണാൻ സാധിച്ചു. പച്ചവിരിച്ച നെൽപ്പാടങ്ങൾ, തെളിനീർ ഒഴുകുന്ന പുഴളും തോടുകളും,കന്നുകാലികൾ മേയുന്നതുമൊക്കെ അവൻ കണ്ടു. അവൻ തൃശ്ശൂർ കടന്നപ്പോഴേക്കും അതി തീവ്രമായ മഴ തുടങ്ങി. വളരെയധികം ശക്തിയോടെ... ആകാശം കറുത്തിരിണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോഴേക്കും റെയിൽപ്പാളത്തിൽ വെള്ളം കയറി. തവളകളും, മീനുകളും അതിലൂടെ ഒഴുകി നടന്നു. ചിവീടുകളുടെ ശബ്ദം നാലു ദിക്കിൽ നിന്നും കേൾക്കാനാരംഭിച്ചു. പതുക്കെ പതുക്കെ മഴയുടെ ശക്തി വീണ്ടും കൂടി. അപ്പോഴാണവൻ അ വാർത്ത കേട്ടത്. ട്രെയിൻ ഗതാഗതം നിർത്തിവെച്ചിരിക്കുന്നു എന്ന്. ട്രെയിൻ നിർത്തി അതോടെ ട്രെയിനിൽ വെള്ളം കയറാൻ തുടങ്ങി. അവന്റെ കാൽ വെള്ളത്തിനുള്ളിലായി. അതുകൊണ്ടവൻ ട്രെയിനിനുള്ളിലെ മുകളിലത്തെ നിലയിൽകയറിയിരുന്നു. രാത്രിയായപ്പോഴെക്കും മഴയുടെ തീവ്രത കുറഞ്ഞിരുന്നു. പിറ്റേന്ന് രാവിലെ അവൻ ഉറങ്ങിയെണീറ്റപ്പോൾതന്നെ കേട്ടവാർത്ത കേരളത്തിൽ വീണ്ടും പ്രളയം കവളപ്പാറയിൽ ഉരുൾപൊട്ടിയെന്നാണ്. അവൻ മനസ്സിൽ ഉറപ്പിച്ചു അവർക്കൊന്നും സംഭവിച്ചിട്ടുണ്ടാകില്ലയെന്ന്. അവൻ മനസ്സിലുറപ്പിച്ചതുതന്നെ വിശ്വസിച്ചു. മഴ പതുക്കെ ശമിച്ചു ട്രെയിനിൽ കുടുങ്ങിയ ആളുകളെ അഗ്നിശമനസേന രക്ഷിച്ചു. അവനെ ദുരിതാശ്വാസ ക്യാമ്പിൽ പാർപ്പിച്ചു. അവിടെ വീട് നഷ്ടപ്പെട്ട ഒരുപാട് ആളുകളുണ്ടായിരുന്നു. അവൻ ഒരുപാടാളുകളെ കണ്ടു. അവരൊടൊക്കെ

സംസാരിച്ചു. അവർ അവന് ഒരു പാട് കാര്യങ്ങൾ പറഞ്ഞുകൊടുത്തു. എങ്ങനെയാണ് അവരുടെ വീട് നഷ്ടപ്പെട്ടതെന്ന് എന്നൊക്കെ. അതു പറയുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. കവളപ്പാറയിലെ ദുരന്തം അവർ അവന് പറഞ്ഞുകൊടുത്തു. മഴ ശമിച്ചുകഴിഞ്ഞപ്പോൾ അനനങ്ങോട്ടു ചെന്നപ്പോൾ കണ്ടത് മുത്തപ്പൻ കുന്ന് നടുപിളർന്ന് നിലത്ത് പതിച്ചതാണ്. ജെ. സി. ബി. മണ്ണുമാറ്റുന്നതുമൊക്കെയാണ്. അവിടെ കണ്ടുപിടിച്ച മൃതശരീരങ്ങളിൽ അവന്റെ ചേച്ചിയുടേയും അമ്മായിയുടേയും ഉണ്ടായിരുന്നു. അവൻ അത് നേരിൽക്കണ്ടപ്പോൾ അവന്റെ മനസ്സ് തകർന്നു പോയി. അവൻ വീട്ടിൽ പോയയുടനെ അവന്റെ വീട്ടിൽ നിന്ന് ദുരിതാശ്വാസ കാമ്പിലേക്ക് സാധനങ്ങൾ കിട്ടുമൊ എന്നു നോക്കാൻ വന്ന സ്കൗട്ടുകാർക്ക് അവൻ സൈക്കിൾ മേടിക്കാൻ വെച്ച 10000 രൂപ നല്കി. ഇനി ഒരാൾക്കും ഇതുപോലെ ഒരവസ്ഥ ഉണ്ടാകരുതേ ഏന്ന പ്രാർത്ഥനയോടെ സങ്കടം ഉള്ളിലൊതുക്കി അവൻ അനന്തതയിലേക്കു നോക്കിയിരുന്നു.അപ്പോഴും ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടു കൂടുന്നുണ്ടായിരുന്നു.

വൈഷ്ണവ്. എം ജിജു
എട്ട്-എ

# പക്ഷിക്കുഞ്ഞിന്റെ നൊമ്പരങ്ങൾ

അമ്മേ നമ്മളെന്തിനാണ് ഈ നാട്ടിൽ വന്നത്?
ക്രൂരരായ മനുഷ്യർ നമ്മുടെ കൂടുകൾ തല്ലി തകർത്തില്ലേ...
അവരുടെ ക്രൂരതയിൽ എന്റെ കൊച്ചനുജനും ഇരയായി ചത്തുപോയി
നമ്മളെ എന്തിനാണ് മനുഷ്യർ ഇങ്ങനെ വേദനിപ്പിക്കുന്നതമ്മേ...
എന്തു പാപം നമ്മൾ അവരോട് ചെയ്തിരിക്കിന്നു
നമ്മോട് ഈ കൊല്ലാകൊല ചെയ്യുവാനായ്..
എന്തുക്രൂരരാണ് അമ്മേ മനുഷ്യർ.....
എന്തുപാപികളാണ് അമ്മേ മനുഷ്യർ.....
നമ്മളെയും മനുഷ്യരെയും ദൈവം തന്നെയല്ലെ ഈ ഭൂമിയൽ സൃഷ്ടിച്ചത്.
എന്നിട്ടും ഇത്രവൈരാഗ്യം എന്തേ അമ്മേ അവർക്ക് നമ്മളോട്
ഇത്രയും ക്രൂരരാകാൻ കഴിയുമോ....
ഇത്രയും പാപികളാകാൻ കഴിയുമോ...
നമ്മുടെ കൂടപ്പിറപ്പിനെ വിട്ട പോയ സങ്കടവും
രാപ്പകലില്ലാതെകഷ്ടപ്പെട്ടുണ്ടാക്കിയ കൂട് നഷ്ടപ്പെട്ട നോവും
ഉള്ളിലൊതുക്കി കഷ്ടപ്പെടുന്ന അച്ഛനമമ്മയും
ഇനി മനുഷ്യരെ വിശ്വസിക്കില്ല ഇനി മനുഷ്യരെ സ്നേഹിക്കില്ല
പാപികളാണവർ, ക്രൂരരാണവർ
ഏറ്റവും വലിയ പാപികളാണവർ ഏറ്റവും വലിയ ക്രൂരരാണവർ

ആദിത്യ. എം

# തൃഷ്ണ

ഇനി ചിറകുകളെ  വെട്ടിമാറ്റണം

ആഗ്രഹങ്ങളുടെ വെള്ളിനൂലിനെ

കടിച്ചുമുറിക്കണം

സ്വപ്നങ്ങളുടെ അളുക്കുപാത്രത്തെ

 തൂക്കിയെടുത്തെറിയണം

പ്രതീക്ഷകളുടെ ഈയാമ്പാറ്റകളെ

കഴുത്ത് ഞെരിച്ചു കൊല്ലണം

കണ്ണീരിനെ നോക്കി കണ്ണുരുട്ടി

പേടിപ്പിക്കണം

ഒടുവിൽ ഓർമ്മകളുടെ പച്ച നെല്ലിക്കകൾ

കടിച്ച്  വെറുമൊരു പെണ്ണായി

ചിരിക്കണം

അഞ്ജലി.കെ.എ

10 B



# സൈബർ സുരക്ഷ

ആധുനിക സമൂഹത്തിൽ ഇന്റർനെറ്റ് എന്നത് ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്ന .ഇന്റർനെറ്റിന്റെ ഉപയോഗം ദൈനംദിനം വർധിച്ചു വരുകയാണ് .

ആശയ വിനിമയത്തിനും വിനോദത്തിനും അറിവു നേടുന്നതിനുമെല്ലാം ഇവയുടെ അനന്തസാധ്യത നാം നേരിട്ട് അറിഞ്ഞിട്ടുള്ളതാണ് .എന്നാൽ കുറച്ചു കാലമായി വിദ്യാർഥികളും കൗമാരക്കാരുമായ ചിലരെങ്കിലും സോഷ്യൽ മീഡിയയുടെ ചൂഷിതവലയത്തിൽപ്പെടുന്നതായി നാം കാണുന്ന . ഇത്തരത്തിൽ ഇരകളാകുന്നതിൽ നിന്നും സ്വയം രക്ഷനേടുന്നതിനും സംരക്ഷിതരാകുന്നതിനും ഓരോരുത്തർക്കും കഴിയേണ്ടതുണ്ട് . സുരക്ഷിതമാകുന്നതിനും കോംപ്ലിമെന്ററി സൈബർ സുരക്ഷയും നിയമ നിർവഹണശേഷികളും നിർണ്ണായകമാണ് മോഷണം ,വഞ്ചന തുടങ്ങി കുട്ടികളെ ചൂഷണം ചെയ്യുന്നതുവരെയുള്ള നിരവധി സൈബർ കുറ്റകൃത്യങ്ങൾ തിരഞ്ഞ് ഉത്തരവാദിത്തമുള്ളവരെ പിടികൂടി പ്രോസിക്യൂട്ട് ചെയ്യുന്നതിലൂടെ നമ്മുടെ രാജ്യത്തിന്റെ സൈബർ സുരക്ഷ ലക്ഷ്യങ്ങൾ കൈവരിക്കുന്ന തിൽ നിയമപാലകർ ഒരു പ്രധാന പങ്ക് വഹിക്കുന്ന . സൈബർ കുറ്റവാളികളെ തടസ്സപ്പെടുത്തുന്നതിനും പരാജയപ്പെടുത്തുന്നതിനും സാങ്കേതിക വിദഗ്ധരുടെ നിയമനത്തിനും പരിശീലനത്തിനും മുൻഗണന നൽ കുന്നതിനും ,സൈബർ പ്രതികരണത്തിലെ മികച്ച രീതികളും ഉപകരണങ്ങളുടെ വിശാലമായി പങ്കിടുന്നതിനും ഉയർന്ന സ്വാധീനമുള്ള ക്രിമിനൽ അന്വേഷണം നടത്തുന്നതിൽ ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പ് മറ്റ് ഫെഡറൽ ഏജൻസികളുമായി പ്രവർത്തിക്കുന്ന . അഭിനേതാക്കൾ ഉപയോഗിക്കുന്ന . സാങ്കേതികവിദ്യകളെക്കുറിച്ചും

സൈബർ സംഭവങ്ങളോട് ഫലപ്രദമായി പ്രതികരിക്കുന്ന തിനും അന്വേഷക്കുന്നതിനുമായി അവർ ലക്ഷ്യമിടുന്ന നിർദ്ദിഷ്ട കേടുപാടുകൾ ക്രിമിനൽ അന്വേഷകരും നെറ്റ് വർക്ക് സുരക്ഷാ വിദഗ്ധരും .

## സൈബർ കുറ്റകൃത്യങ്ങളും ശിക്ഷയും

ആധുനിക സമൂഹത്തിൽ സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചു വരുകയാണ് . ഇതിന് നിയമപരമായ ശിക്ഷകൾ ഉണ്ട് . 11 കുറ്റകൃത്യങ്ങളും അവയുടെ ശിക്ഷകളുമാണ് ചുവടെ നൽകിയിരിക്കുന്നത്

1 . രാജ്യത്തിന്റെ മേൽ കുപ്രചാരണം നടത്തിയാൽ ഇന്ത്യൻ ശിക്ഷ നിയമം അനുസരിച്ചുള്ള ശിക്ഷയ്ക്ക് പുറമെ ഐക്യനിയമ പ്രകാരം ജീവപര്യന്തരം തടവു ശിക്ഷ അനുഭവിക്കേണ്ടി വരും .

2 . ഒരു വ്യക്തിയെയോ സ്ഥാപനത്തെയോ നശിപ്പിക്കാൻ വേണ്ടി സൈബർ മീഡിയയോ ഉപകരണങ്ങളോ ദുരുപയോഗം ചെയ്ത് കഴിഞ്ഞാൽ 3 വർഷം വരെയാണ് തടവുശിക്ഷ . കൂടാതെ 5 ലക്ഷം പിഴ.

3 . ഒരാളുടെ വിവരങ്ങളോ രേഖകളോ നശിപ്പിക്കാൻ വേണ്ടി അയാളുടെ മൊബൈൽ ഫോൺ , കമ്പ്യൂട്ടർ നശിപ്പിക്കുകയാണെങ്കിൽ 1 കോടി രൂപ വരെ കോടതി പിഴചുമത്താവുന്നതാണ് .

4 . അധികാരികളെ അറിയിക്കാതെ ഔദ്യോഗികപരമായിട്ടുള്ള രേഖകൾ സൈബർ മീഡിയയിലൂടെ ചോർത്തുകയാണ് എങ്കിൽ 3 വർഷം കഠിന തടവും 2 ലക്ഷം പിഴയും .

5 . മോഷ്ടിച്ച കമ്പ്യൂട്ടർ , മൊബൈൽ ഫോൺ എന്നിവ ഉപയോഗിച്ചാൽ 3 വർഷം വരെ തടവും 5 ലക്ഷം രൂപ പിഴയും

6 . password , email password ,document password എല്ലാം അവർ അറിയാതെ ഉപയോഗിക്കുകയാണെങ്കിൽ 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും അനുശാസിക്കുന്നുണ്ട് .

7 . മൊബൈൽ ഫോണിലൂടെ മറ്റുള്ളവരുടെ സ്വകാര്യഭാഗങ്ങൾ എടുത്ത് ചരിപ്പിക്കുന്ന ആളുകളുടെ ശിക്ഷ 3 വർഷം തടവും 2 ലക്ഷം രൂപ പിഴയും .

8 . പരിധി അശ്ലീലവാക്കുകൾ message ആയോ image ആയോ പ്രചരിപ്പിക്കുകയാണെങ്കിൽ 5 വർഷം തടവും 10 ലക്ഷം രൂപ പിഴയും . ഇത് കുട്ടികൾക്കെതിരെയാണ് നടത്തുന്നതെങ്കിൽ ശിക്ഷാകാലാവധി കൂടും . 7 വർഷം കഠിനതടവ് അനുഭവിക്കേണ്ടിവരും .

9 . ഫേസ്ബുക്ക് ഒരാൾക്കെതിരെ വ്യാജ profile ഉണ്ടാക്കി അയാൾക്കെതിരെ കുറ്റകൃത്യമോ ആൾമാറാട്ടമോ നടത്തുകയാണെങ്കിൽ അവർക്ക് 3 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ പിഴയും അനുഭവിക്കേണ്ടിവരും.

10.ഒരാളുടെ അനുവാദമില്ലാതെ അവരുടെ profile image കളോ email address , phone number കളോ എല്ലാം ഫേസ്ബുക്ക് , സോഷ്യൽ മീഡിയയിലൂടെ അയച്ചു കൊടുക്കുകയാണെങ്കിൽ ഇപ്പോഴത്തെ നിയമം അനുസരിച്ച് അതും ശിക്ഷയ്ക്ക് ബാധകമാകുന്നു .

11 . ഓൺലൈൻ വഴി പണമിടപ്പാടുകൾ നടത്തുന്നവരിൽ നിന്നും സൈബർ ക്രൈം നടത്തുന്നവർ അക്കൗണ്ട് നമ്പറോ പിൻ നമ്പറോ ചോർത്തി അക്കൗണ്ടിൽ

നിന്ന് പണം ചോർത്തുന്നു . ഇതിന് പരിഹാരമായി അക്കൗണ്ട് നമ്പറോ പിൻ നമ്പറോ ഒരു കാരണവശാലും മറ്റുള്ളവർക്ക് കൈമാറാൻ പാടില്ല . ഇത് രഹസ്യമായിരിക്കണം . ഇതിന് മറ്റുള്ളവരുടെ സഹായം തേടാൻ പാടില്ല .

## സൈബർ സുരക്ഷ

ശാസ്ത്രസാകേതിക വിദ്യയുടെ ഈ പുതിയ കാലഘട്ടത്തിൽ കമ്പ്യൂട്ടർ,ഇന്റർനെറ്റ്,സ്മാർട്ട്ഫോൺ,പോലുള്ളഡിജിറ്റൽ സാകേതിക വിദ്യകൾ നമ്മൾ വളരെ ഏറെ ആശ്രയിച്ചിരിക്കുന്നു വിവരശേഖരം ,ഇ-മെയിൽ,പണമിടപാടുകൾ,സോഷ്യൽ മീഡിയ,ബിസ്സനസ്സ് മാർക്കറ്റിങ്ങ് എനിവക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നു. ഇത്തരം ഡിജിറ്റൽ ഡാറ്റ ഹാക്കർമാരിൽ നിന്ന് സംരക്ഷിക്കുന്നതാണ് സൈബർ സുരക്ഷ.

## വ്യക്തിഗത തിരിച്ചറിയൽ വിവരങ്ങളുടെ പ്രാധാന്യം

ഇന്ത്യയിൽഉപയോഗിക്കുന്നപ്രധാന വ്യക്തിപരതിരിച്ചറിയൽ രേഖകൾ

ADHAR NUMBER
PASSPORT
DRIVING LISCENCE
PAN CARD
VOTER ID CARD
BANK ACCOUNT
CREDIT CARD OR DEBIT CARD

ചില തട്ടിപ്പുകാർ മറ്റുള്ളവരുടെ വ്യക്തിപരവിവരങ്ങൾ ചോർത്തിയെടുത്ത് ഫോട്ടോ,ഒപ്പ് മുതലായവ മാറ്റി വ്യാജ തിരിച്ചറിയൽ രേഖകൾ ഉണ്ടാക്കുകയും ചെയ്യുന്നു.ഇവ പിന്നീട് തട്ടിപ്പുകൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെ IDENTITY THEFT എന്ന് പറയുന്നു . ഉദാഹരണം—IDENTITY THEFT ലൂടെ ഉണ്ടാക്കിയെടുക്കുന്ന വ്യാജതിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് സിം കാർഡുകൾ വാങ്ങി സാമൂഹികവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും വ്യാജപാസ്പോർട്ട് നിർമ്മിക്കുകയും ചെയ്യുന്നു

# കമ്പ്യൂട്ടർസുരക്ഷ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം

## മാൽവെയർ

അംഗീകൃതമല്ലാത്തസോഫ്റ്റ്‌വെയറുകൾഉപയോഗിച്ച് കമ്പ്യൂട്ടറുകളുടെ പ്രവർത്തനം തകരാറിലാക്കുകയും അതിലെ വിവരങ്ങൾനശിപ്പിക്കുകയോ ചെയ്യുന്നതിനെ മാൽവെയർ ആക്രമണമെന്ന് പറയുന്നു

* മലീഷ്യസ് അഥവാ ദോഷകരമായ സോഫ്റ്റ് വെയറുകളാണ് മാൽവെയറുകൾ* virus , worm , trojans , ransom ware , ad ware മുതലായവ മാൽവെയറിന് ഉദാഹരണങ്ങളാണ് . മാൽവെയർ സൃഷ്ടാക്കൾക്ക് പലതരത്തിൽ കമ്പ്യൂട്ടറിനെ തകരാറിലാക്കാൻ സാധിക്കും .

ഉദാ - 1,മാൽവെയർ കാരണം നിങ്ങളുടെ കമ്പ്യൂട്ടറിന്റെ വേഗം കുറയുകയും ഇടയ്ക്കിടെ restart ആവുകയും ചെയ്യും .

ഉദാ - 2, നിങ്ങളുടെ കമ്പ്യൂട്ടറിൽ നിന്ന് സുപ്രധാന വിവരങ്ങൾ നിങ്ങൾ അറിയാതെ ചോർത്തിയെടുക്കുകയും കമ്പ്യൂട്ടറിൽ നടക്കുന്ന പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും

ചെയ്യുന്നു .

ഉദാ - 3, നിങ്ങളുടെ കമ്പ്യൂട്ടറിൽ ഉള്ള വിവരങ്ങൾ ഉപയോഗിക്കാൻ പറ്റാത്ത നിലയിൽ ആകുന്നു . അവ പഴയ രീതിയിൽ ആകാതിരിക്കുന്നതിനായി നിങ്ങളോട് പണം ആവശ്യപ്പെടുകയും ചെയ്യുന്നു .

ഉദാ - 4, നിങ്ങളുടെ കമ്പ്യൂട്ടറിൽ നിന്നും നിങ്ങൾ അറിയാതെ സ്പാം മെയിലുകൾ മറ്റും ഇമെയിൽ ID കളിലേക്ക് അയക്കുന്നു .

ഉദാ -5, മറ്റു കമ്പ്യൂട്ടറിലേക്ക് മാൽവെയർ വ്യാപിക്കുന്നു .

## എങ്ങനെയാണ് ഒരു മാൽവെയർ കമ്പ്യൂട്ടറിലേക്ക് കടന്നു കയറുന്നത്

ആശയ വിനിമയത്തിനു ഉപയോഗിക്കുന്ന വിവിധ ഉപാധികളിലൂടെയാണ് മാൽവെയർ മറ്റു കമ്പ്യൂട്ടറിലേക്ക് വ്യപിക്കുന്നത് .

1 , മാൽവെയർ ബാധിച്ച പെൻഡ്രൈവ് , DVD , external hard disk മുതലായവ ബാഹ്യ ഉപകരണങ്ങൾ ഉപയോഗി ക്കുന്നതിലൂടെ മാൽവെയർ വ്യപിക്കുന്നു .

2 , ഫിഷിംങ് ഇ-മെയിൽ ഉപയോഗിച്ച് ഒരു ഹാക്കർക്ക് നിങ്ങളുടെ കമ്പ്യൂട്ടറിലേക്ക് മാൽവെയർ കടത്തിവിടാവുന്ന താണ് . നിങ്ങൾക്ക് ഉപകാരപ്പെടുന്ന document , media ,

soft ware ഇവയിൽ ഏതെങ്കിലും ഉൾപ്പെടുത്തിയ ഇ-മെയിൽ സന്ദേശം നിങ്ങൾക്ക് ലഭിക്കും ഇത് നിങ്ങൾ download ചെയ്യാൻ ശ്രമിക്കും വഴി ഇ-മെയിൽ ഒളിപ്പിച്ചുവെച്ച മാൽവെയർ നിങ്ങളുടെ കമ്പ്യൂട്ടറിലേക്ക് ബാധിക്കും .

3, ഇന്റർനെറ്റിൽ എന്തെങ്കിലും മലിഷ്യസ് ലിങ്കിൽ ക്ലിക്ക് ചെയ്യുകയോ മലിഷ്യസ് ആയ വെബ്സൈറ്റിൽ നിന്ന് എന്തെങ്കിലും ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുകയോ ചെയ്താലും മാൽവെയർ intrection ഉണ്ടാവും .

## മാൽവെയറിനെതിരെയുള്ള മുൻകരുതലുകൾ

1 , ഒരു മികച്ച ആന്റിവൈറസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് നിങ്ങൾക്ക് നിങ്ങളുടെ കമ്പ്യൂട്ടറിനെ മാൽവെയർ നിന്ന് സംരക്ഷിക്കാൻ കഴിയും .avg, avira, avast, comode, sophos മുതലായ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാവുന്നതാണ് .

2 , ആന്റിവെയർ സോഫ്റ്റ് വെയറുകൾ update ചെയ്യുക .

3 , ഇന്റർനെറ്റിൽ ബ്രൗസ് അല്ലെങ്കിൽ ഡൗൺലോഡ് ചെയ്യുമ്പോൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ് . സംശയാസ്പദമായ രീതിയിൽ ഏതെങ്കിലും ഫയൽ കണ്ടാൽ അവ തുറക്കുകയോ , ഡൗൺലോഡ് ചെയ്യുകയോ ചെയ്യാതിരിക്കുക .

4 , ബാഹ്യ ഉപകരണങ്ങളായ CD, DVD മുതലായവ കമ്പ്യൂട്ടറിൽ ബന്ധിപ്പിക്കുകയോ ഒരു ആന്റിവെയർ സോഫ്റ്റ് വെയർ ഉപയോഗിച്ച് സ്കാൻ ചെയ്ത് അവയിൽ അപകടകാരികളായ മാൽവെയറുകൾ ഇല്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ഉപയോഗിക്കുക .

# സോഷ്യൽ മീഡിയ സുരക്ഷ

വ്യക്തികൾ അവയുടെ സുപ്രധാന വിവരങ്ങൾ സോഷ്യൽ മീഡിയയിൽ കൂടി പങ്കുവെക്കുന്നതിനെ തുടർന്ന് ജീവിതത്തിന് ഭീഷണിയാവാനും ദുരുപയോഗം ചെയ്യപ്പെടാനും സഹായിക്കുന്നു .

# സോഷ്യൽ മീഡിയയിലെ ചില സൈബർ സുരക്ഷ ഭീഷണികൾ

വ്യാജ പ്രൊഫൈലുകൾ , ഒരാൾ നിങ്ങളുടെ സുഹൃത്തിന്റെ ഫോട്ടോ , വ്യക്തികത വിവരങ്ങൾ എന്നിവ ഉപയോഗിച്ച കൊണ്ട് ഒരു വ്യാജ പ്രൊഫൈൽ ഉണ്ടാക്കുന്നു . അതിൽ നിന്നാണ് എന്നുള്ള വ്യാജേന ഒരു friend request നിങ്ങൾക്ക് ലഭിക്കുന്നു . സുഹൃത്തി ന്റെ പേര് ആയതിനാൽ request സ്വീകരിക്കുകയും അതുവഴി അയാൾക്ക് നിങ്ങളുടെ സുഹൃത്ത് വലയത്തിലേക്ക് പ്രവേശിക്കാനും വിവരങ്ങൾ മനസ്സിലാക്കി പലവിധത്തിലുള്ള തട്ടിപ്പുകൾ മനസ്സിലാക്കാനും അവസരം ലഭിക്കുന്നു .

## സൈബർ സ്റ്റോക്കിംങ്

നിങ്ങളുടെ ഫേസ് ബുക്ക് പ്രൊഫൈലിൽ പ്രൈവസി സെറ്റിംങ് ഉപയോഗിക്കുന്നില്ല എന്നിരിക്കട്ടെ അപ്പോൾ നിങ്ങളുടെ പ്രൊഫൈൽ സന്ദർശിക്കുന്ന ഒരാൾക്ക് പ്രൊഫൈലിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ശേഖരിക്കാൻ സാധിക്കും . ഉദാഹരണത്തിന് ഒരു കുറ്റവാളിക്ക് നിങ്ങളുടെ പ്രിയപ്പെട്ടവരുടെയും സുഹൃത്തുകളുടെയുംകുട്ടികളുടെയും സ്കൂളിന്റെയും മറ്റ് വിശദമായ വിവരങ്ങൾ ലഭിക്കുന്നു

എന്ന് ഇരിക്കട്ടെ എങ്കിൽ അവരെ അഭായ പ്പെടുത്തുന്ന തരത്തിൽ കുറ്റകൃത്യങ്ങൾ നടത്താനും ഇതുവഴിസാധിക്കും .

## വിവരചോർച്ച

സജീവമായി ഫേസ് ബുക്ക് ഉപയോഗിക്കുന്ന ഒരാൾ അയാൾ തൽക്ഷണ സ്ഥിതി ഫേസ് ബുക്ക് വഴി share ചെയ്യും . ഉദാഹരണത്തിന് , കുടുംബത്തോടൊപ്പം ദൂരത്ത് അവധി ആഘോഷിക്കുന്ന സിനിമ ശാലയിൽ സിനിമ കാണുന്ന തുടങ്ങിയ വിവരങ്ങൾ നിങ്ങൾ ഷെയർ ചെയ്യുമ്പോൾ ഈ വിവരം ഫേസ് ബുക്ക് വഴി അറിയുന്ന കള്ളൻമാർ നിങ്ങളുടെ വീട് കൊള്ളയടിക്കാൻ സാധിക്കും .

## സോഷ്യൽ മീഡിയ സുരക്ഷിതമായി ഉപയോഗിക്കാനുള്ള ചില വഴികൾ

സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിൽ നിന്ന് ലഭിക്കുന്ന frend request വ്യാജനല്ലെന്ന് ഉറപ്പ് വരുത്തുക . സംശയാസ് പദമായി തോന്നുന്ന message കളിലെ ലിംഗുകൾ തുറക്കാതിരിക്കുക . ഇത്തരം ലിങ്കുകളുടെ മുകളിൽ മൗസ് പോയന്റ് ചെന്നാൽ status ബാറിന്റെ താഴെ u.r.l adress അല്ല കാണപ്പെടുന്നത് . എങ്കിൽ ഒരു കാരണവശാലും ലിങ്ക് ക്ലിക്ക് ചെയ്യാതിരിക്കുക . ഉദാഹരണത്തിന് message ൽ പറഞ്ഞിരിക്കുന്ന ലിങ്ക് ആമസോണിലെ ഒരു ഓഫറുമായി ബന്ധപ്പെട്ടിരിക്കുന്നതാണെങ്കിൽ status ബാറിൽ ആമസോൺ in.im എന്നാൽ url ലിൽ വരേണ്ടത് . വ്യക്തികത വിവരങ്ങളായ ഫോൺ നമ്പർ , ബാങ്ക് അക്കൗണ്ട്

വിവരങ്ങൾ , ഉദ്യോഗ വിവരങ്ങൾ , വിലാസം ,ഫോട്ടോകൾ മറ്റ് പ്രധാനപ്പെട്ട വിവരങ്ങൾ മുതലായവ സോഷ്യൽ മീഡിയയിൽ പങ്കുവെക്കാതിരിക്കുക .

ഡിജിറ്റൽ സുരക്ഷയെ കുറിച്ചുള്ള അറിവില്ലായ്മ പല ആപത്തുകളിലേക്കും നയിക്കുന്നു .അതിനാൽ ചുറ്റുമുള്ള സൈബർ ഭീഷണിയെ ക്കുറിച്ച് ബോധവന്മാർ ആവുകയും സൈബർ സ്പേസിൽ ഇടപ്പെടുമ്പോൾ വളരെ അധികം ശ്രദ്ധിക്കുകയും നിങ്ങൾക്ക് ചുറ്റുമുള്ള എല്ലാവരുടെയും സൈബർ സുരക്ഷ ബോധം വ്യപിക്കുക .

## പാസ് വേഡ് സുരക്ഷ

പലരും അവരുടെ പേരോ ജനനതിയതിയോ ചെറിയ വാക്കുകളോ പാസ് വേഡുകളായോ ഉപയോഗിക്കും. മറ്റൊരാൾക്ക് ഊഹിച്ചെടുക്കാൻ സാധിക്കുന്നതല്ല എന്നുകരുതി നമ്മൾ പാസ് വേഡായി ഉപയോഗിക്കുന്ന പദങ്ങൾപോലും ഹാക്കർമാർക്ക് കുറച്ചു സെക്കന്റുകൾ ക്കുള്ളിൾ തകർക്കാൻ കഴിയും. ഉന്നിലധികം അക്കൗണ്ടുകൾക്ക് ഉരോ പാസ് വേഡ് ഉപയോഗിക്കുന്നത് സുരക്ഷിതമല്ല. ഒരു ഹാക്കർക്ക് ഏതെങ്കിലും ഒരു അക്കൗണ്ടിന്റെ പാസ് വേഡ് മനസ്സിലാക്കാൻ സാധിച്ചാൽ അതേ പാസ് വേഡ് ഉപയോഗിച്ചിരിക്കുന്ന മറ്റ് അക്കൗണ്ടുകളും തുറക്കാൻ സാധിക്കും. ഒരിക്കലും നിങ്ങളുടെ പാസ് വേഡുകൾ ആരുമായും പങ്കിടരുത്. കടലാസിലോ atm card ലോ പാസ് വേഡ് എഴുതി വെയ്ക്കുകയോ മൊബൈൽ ഫോൺ,കമ്പ്യൂട്ടറുകൾ മുതലായ ഉപകരണങ്ങളിൽ രേഖപ്പെടുത്തുകയോ ചെയ്യരുത് . ഒരു പാസ് വേഡിൽ കുറഞ്ഞത് എട്ട് അക്കങ്ങളെങ്കിലും ഉണ്ടായിരിക്കണം.english അക്ഷരമാലയിലെ ചെറിയഅക്ഷരങ്ങൾ വലിയ അക്ഷരങ്ങൾ സംഖ്യകൾ ചിഹ്നങ്ങൾ

എന്നിവ ഉൾപ്പെടുത്തിയിട്ട് വേണം ഒരു സുരക്ഷിതമായ പാസ് വേഡ് ഉപയോഗിക്കുന്നതിന്

## ഇന്റർനെറ്റ് സുരക്ഷ

സൈബർ ലോകത്ത് ഹാക്കർമാരും വ്യാജർമാരും ധാരാളമുള്ളപ്പോൾ സുരക്ഷിതമായ ഇന്റർ നെറ്റ് ഉപയോഗിക്കേണ്ടത് അനിവാര്യമാണ്.ഫിഷിംഗ് വെബ്സൈറ്റുക ളും,ഇന്റർനെറ്റുകളും ,വ്യാജവെബ്സൈറ്റുകളും ,ഇ-മെയിലുകളേയും സൂചിപ്പിക്കുന്നതിനേയാണ് ഫിഷിംഗ് എന്ന പദം ഉപയോഗിക്കുന്നത്. നിങ്ങൾ നിത്യവും ഉപയോഗിക്കുന്ന വെബ്സൈറ്റിനോട് സാമ്യമുള്ള ഒരു വ്യാജവെബ്സൈറ്റും ഹാക്കർമാർക്ക് വളരെ എളുപ്പത്തിൽ ഉണ്ടാക്കാൻ സാധിക്കും.ഉദാഹരണമായിട്ട് ഒരു ഇന്റർനെറ്റ് ബാങ്കിംങ് സൈറ്റ് അഡ്രസ്സ് ഓൺലൈൻ abc.com എന്നാണെങ്കിൽ അതിന്റെ വ്യാജ സൈറ്റ് അഡ്രസ് abc bankline.com ആയിരിക്കാം . ഇത്തരം വ്യാജവെബ്സൈറ്റുകൾ യഥാർതമാണെന്ന് തെറ്റ് ധരിച്ച് അതിൽ ഇടപാടുകൾ നടത്തുന്നവർ തട്ടിപ്പിന് ഇടയാവുകയും ചെയ്യും . ഇടയാവുകയും ചെയ്യും. ഇത്തരം വ്യാജ വെബ്സൈറ്റ് അഡ്രസുകൾ ഫിഷിംങ് ഇ-മെയിലുകളായി നിങ്ങൾക്ക് ധാരാളം ലഭിച്ചേക്കാം . ഒരു ഉപയോക്താവ് ഇത്തരം ഇ-മെയിലുകളിൽ ക്ലിക്ക് ചെയ്ത് യഥാർത്ഥ വിവരങ്ങൾ നൽകുമ്പോൾ അത് ഹാക്കറുകളുടെ നിയന്ത്രണ ത്തിലുള്ള സർവറിലേക്കാവും പോലെ ചില അവസരങ്ങളിൽ ഇത്തരം ഇ-മെയിലുകളിൽ ഹാക്കറുടെ നിയന്ത്രണത്തിലുള്ള വെബ്സൈറ്റുകളുടെ ലിംഗുകൾ ഉണ്ടാവും ഇത്തരം ലിംഗുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ ഉപയോക്താവിന്റെ കമ്പ്യൂട്ടറിലേക്ക് മാൽവെയർ

instal ആവുകയും അതുവഴി ഹാക്കർമാർക്ക് കമ്പ്യൂട്ടറിൽ കടക്കാനുള്ള വഴിതെളിയുകയും ചെയ്യുന്നു

## ഫിഷിംഗ് മുൻകരുതലുകൾ

നിങ്ങൾ ഒരു വെബ്സൈറ്റിന് വേണ്ടി സെർച്ച് ചെയ്യുമ്പോൾ വെബ്സൈറ്റ് ലിങ്ക് ആധികാരികമാണോ എന്ന് ഉറപ്പു വരുത്തണം .പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങൾ വെബ് സൈറ്റ് അഡ്രസ് https എന്നാണോ കൊടുത്തിരിക്കുന്നത് എന്ന് നോക്കുക അഡ്രസ്ബാറിനടുത്തായി പച്ച കളറിലുള്ള ലോഗ് അടയാളം കാണുന്നുണ്ടെങ്കിൽ അത് സാധുവായ വെബ്സൈറ്റാണ് എന്നാണ് സൂചിപ്പിക്കുന്നത് . അപരിചിതരിൽ നിന്നും വരുന്ന വലിയ തുക വാക്ദാനം ചെയ്തു കൊണ്ടുള്ള ഇ-മെയിലുകൾ തട്ടിപ്പാണെന്ന് മനസ്സിലാക്കുക . ഫിഷിംഗ് ഇ-മെയിലുകൾ വ്യക്തിപരമായ വിവരങ്ങൾ ആവശ്യപ്പെടുകയും മറ്റു ഫിഷിംഗ് സൈറ്റുകളിലേക്ക് ലിംഗ് ചെയ്തിരിക്കുന്നതുമാകാം . ഇത്തരം ലിംഗുകൾ ക്ലിക്ക് ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം .

## ഇലക്ട്രോണിക് ഇടപാടുകൾ സുരക്ഷിതമായി നടത്താൻ വേണ്ടനിർദേശങ്ങൾ

ഓൺലൈൻ ഇടപാടുകൾക്കായി കഴിയുന്നതും നിങ്ങളുടെ സ്വന്തം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുക . പാസ് വേഡ് ,പിൻ നമ്പർ പോലെയുള്ള രഹസ്യവിവരങ്ങൾ എല്ലായ് പ്പോഴും രഹസ്യമായി സൂക്ഷിക്കുക. ഇത്തരം വിവരങ്ങൾ ഫോണിലൂടെയോ നേരിട്ടോ

ആരെങ്കിലും ആവശ്യപ്പെട്ടാൽ ആരുമായും പങ്കുവെക്കാതിരിക്കുക . നിങ്ങളുടെ മൊബൈലിലേക്ക് വരുന്ന വൺടൈം പാസ് വേഡ് OTP മനസ്സിലാക്കുന്നതിന് വിവരങ്ങൾ മനസ്സിലാക്കുന്നതിനായി തട്ടിപ്പുക്കാർ നിങ്ങളുടെ മൊബൈൽ ഫോൺ ആവശ്യപ്പെട്ടേക്കാം . അപരിചിതർക്ക് ഒരിക്കലും മൊബൈൽ ഫോൺ കൈമാറാതിരിക്കുക . ഓൺ ലൈൻ ഇടപാടുകൾ നടത്തിയതിന് ശേഷം നിങ്ങൾ വെബ്സൈറ്റിൽ നിന്ന് ലോഗ് ഔട്ടിൽ നിന്ന് ഉറപ്പു വരുത്തുക . ലോഗ് ഔട്ട് ചെയ്യാതെ വെറുതെ ബ്രൗസർ മാത്രം ക്ലിക്ക് ചെയ്യരുതെ ഒൺലൈൻ ഇടപാടുകൾ ക്കായി എല്ലായ്പ്പോഴും virtual key boad സംവിധാനം ഉപയോഗിക്കുക . മികവാറും എല്ലാ ബങ്കുകളുടെ വെബ് സൈറ്റുകൾ പാസ് വേഡ് enter ചെയ്യുന്നതിനായി virtual key boad സംവിധാനം ലഭ്യമാണ് . key borad ൽ ടൈപ്പ് ചെയ്യുന്ന വിവരങ്ങൾ മാൽ വെയർ ഉപയോഗിച്ച് ചോർത്തപ്പെടുന്നത് തടയാൻ virtual key boad ഉപയോഗിക്കുന്നതു മൂലം സാധിക്കും . ബാങ്ക് അക്കൗണ്ടുകൾ എപ്പോഴും പരിശോധിക്കുന്നത് നല്ലതാണ് . വ്യാജ ഇടപാടു കളോ തട്ടിപ്പുകളോ നടന്നിട്ടുണ്ടെങ്കില് മനസ്സിലാക്കുന്നതിന്

## പരിഹാരം

ഇന്റർനെറ്റ് മേഖല വളർന്നു കൊണ്ടിരിക്കുന്നു. ഇന്റർനെറ്റിനെ ദുരുപയോഗം ചെയ്യാൻ വേണ്ടി ഹാക്കേഴ്സ് വളരുന്നത്. ഹാക്കേഴ്സ് ഹാക്കിങ് ചെയ്യുന്നത് തടഞ്ഞില്ലെങ്കിൽ നമുക്ക് വരാൻ പോകുന്ന നാശനഷ്ടങ്ങൾ വലുതാണ്. നമ്മുടെ ഇന്റർനെറ്റ്കണക്ഷൻ ഉപയോഗിച്ചാണ് ഹാക്കേഴ്സ് എന്തെങ്കിലും ദുരുപയോഗം ചെയ്തിരിക്കുന്നവെങ്കിൽ തീർച്ചയായും നമ്മൾ

അതിന് ഉത്തരവാദിയാവുന്നതിന്. ഇതുപോലുള്ള അപകടങ്ങൾ നമുക്ക് ചുറ്റും ദിനം പ്രതി നടന്നുകൊണ്ടിരിക്കുന്നത് നമ്മുടെ മൊമബൈലിന്റെ USER NAME,PASSSWORD മാറ്റുക ആർക്കും പെട്ടെന്ന് കണ്ടുപിടിക്കാൻ പറ്റാത്ത എന്നാൽ ഓർത്തിരിക്കേണ്ട ഒരു PASSWORD തന്നെ ഇതിന് കൊടുക്കാൻ ശ്രമിക്കുക .കമ്പ്യൂട്ടറിന് തീർച്ചയായും ഒരു password സെറ്റ് ചെയ്തിരിക്കണം . അത് നമുക്ക് എളുപ്പമുള്ളതും മറ്റുള്ളവർക്ക് എളുപ്പമല്ലാത്തതുമായ password നമ്മുടെ കമ്പ്യൂട്ടർ കൊടുക്കുക . നമ്മുടെ കമ്പ്യൂട്ടറിൽ വരുന്ന എല്ലാം update കളും കൃത്യമായി തന്നെ നമ്മൾ ചെയ്യുക . എന്തെങ്കിലും വൈറസുകളോ മറ്റു കാര്യങ്ങളോ ഉണ്ടെങ്കിൽ നമ്മുടെ സിസ്റ്റത്തിന്റെ update ചെയ്യുന്നതോടു കൂടി നമ്മുക്ക് ഏറെക്കുറെ സഹായമാവും അതിനെ ഒഴിവാക്കാനായിട്ടുള്ളത്. നമ്മുടെ സിസ്റ്റത്തിൽ തീർച്ചയായിട്ടും രഹസ്യമായി സൂക്ഷിക്കേണ്ട രേഖകളോ ,profile pictures അങ്ങനെ എന്തെങ്കിലും സൂക്ഷിച്ച വച്ചിരിക്കുന്നത് നമ്മുടെ സിസ്റ്റത്തിലാണെങ്കിൽ തീർച്ചയായും നമ്മുടെ സിസ്റ്റത്തിൽ ആന്റിവൈറസ് ഉണ്ടായിരിക്കണം . ആന്റിവൈറസ് ഇല്ലാത്ത പക്ഷം പല കമ്പനികളും നമ്മുടെ സിസ്റ്റത്തിനെ ഹാക്ക് ചെയ്യുന്നുണ്ട് .

## കരുതിയിരിക്കുക സൈബർ കെണികളെ

2017-ൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് രാജ്യത്തെ 53,000 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു . വെബ്സൈറ്റുകളിലെ നുഴഞ്ഞു കയറ്റം മുതൽ അപകീർത്തിപ്പെടുത്തൽ വരെ ,ചെറുതും വലുതുമായ കേസുകൾ ഉൾപ്പെടെയാണിത്

. സൈബർ കുറ്റകൃത്യങ്ങളുടെ പട്ടിക ഉയർന്നുവരുകയാണ്.സാമ്പത്തിക കുറ്റകൃത്യങ്ങൾ വരെ പട്ടികയിൽ വരുന്ന .സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയാണെന്ന് ദേശിയ ക്രൈംറെക്കോഡ്സ് ബ്യൂറോയുടെ കണക്കുകളും വ്യക്തമാക്കുന്നു . 2014 -ൽ രാജ്യത്താകെ 9622 കേസാണ് റിപ്പോർട്ടു ചെയ്തത് . 2015 -ൽ 11,592 കേസാണ് റിപ്പോർട്ട് ചെയ്തത് .

ഇന്റർനെറ്റിന്റെ ചതിക്കുഴികളിൽ പെടുന്നവർ ഭൂരിഭാഗവും കുട്ടിയാണ്. രക്ഷിതാവിന് വേണ്ടത് നമ്മുടെ മക്കൾ സുരക്ഷിതരാണോ എന്ന് ഉറപ്പ് വരുത്താനുള്ളബോധമാണ്. അതിന് തുറന്ന ആശയ വിനിമയവും ബോധവത്കരണവും അനിവാര്യമാണ്. ഫോണിൽ നിന്ന് കണ്ണെടുക്കാത്ത രക്ഷിതാക്കൾക്കൊപ്പം ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു കുട്ടി സൈബർ ലോകത്തെ ചതികുഴിയിൽ വീഴാനുള്ള സാധ്യത ഏറെയാണ്. നമ്മുടെ വീടുകളിൽ തുറന്നു സംസാരിക്കാനുള്ള ഇടം നഷ്ടപ്പെട്ടു പോയതിന്റെ ദുരന്തമാണ് കുട്ടികളെ മരണത്തിന്റെ വക്കിലെത്തിക്കുന്നത് . കമ്പ്യൂട്ടർ , സെൽഫോൺ തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗി ച്ച കൊണ്ട് ഇന്റർനെറ്റ് സേവനങ്ങളിൽ നിരന്തരമായിഅതിക്രമങ്ങൾ അരങ്ങേറി കൊണ്ടിരിക്കുകയാണ് .നിയമ സംവിധാനത്തിന്റെ ദുർബലത കുറ്റവാളികൾക്ക് സഹായകമാവുന്ന സമകാലീന അവസ്ഥയാണ് കണ്ടു വരുന്നത്. സകല പ്രവർത്തികളും ഇന്റർനെറ്റ് ശൃംഖല ഉപയോഗിച്ച് കൊണ്ട് നടത്തുന്ന വർത്തമാന കാലത്ത് വ്യക്തിക്കും ഭരണ സംവിധാനത്തിനും മാത്രമല്ല രാഷ്ട്ര ത്തിന്റെ നിലനിൽപ്പിനും കൂടിയാണ് ഇത് ഭീഷണി ആകുന്നത് . ഡിജിറ്റൽ സംവിധാനത്തെ തകർക്കാൻ പോലും ശക്തമായ വൈറസുകൾ ഉണ്ട്. നമ്മളൊക്കെ

എത്രയൊക്കെ സുരക്ഷ വലയത്തിനു കീഴിലാണെന്ന് പറഞ്ഞാൽപോലും വാസ്തവത്തിൽ നമ്മളൊക്കെ മറ്റുള്ളവരുടെ നിരീക്ഷണ വലയങ്ങൾക്കുള്ളിലാണെന്ന് മറക്കരുത് . സൈബർ ഇടങ്ങളിൽ പെരുമാറുമ്പോൾ സ്വയം അച്ചടക്കവും സൂക്ഷമത മനോഭാവവും പിൻതുടർന്നത് ചതികുഴികളിൽച്ചെന്ന് വീഴാതിരിക്കാൻ സഹായക മാവും .വളരെ ശ്രദ്ധയോടും കരുതലോടും നല്ലൊരു നാളെ നമുക്കു സൃഷ്ടിക്കാം .

## സോഷ്യൽ മീഡിയയുടെ ദോഷഫലങ്ങൾ

1, ഉത്കണ്ഠ രോഗം

2, ഭീഷണിപ്പെടുത്തൽ

3, ഉറക്ക കുറവ്

4, fear of missing out

5,അവിഭാജ്യ ലോകം

6, സ്വയം ലോകം

7,സോഷ്യൽ മീഡിയാസക്തി

ഇതിന് പരിഹാരം സോഷ്യൽ മീഡിയ എവിടെയാണോ control ചെയ്യേണ്ടത് അവിടെ control ചെയ്യുക .

(LK 2018-20 ബാച്ചിലെ കുട്ടികൾ തയ്യാറാക്കിയ പ്രോജക്റ്റ്.)

# കുടിയൊഴിയുമോ ഇനിയെങ്കിലും

സമയമായില്ലേ, നിനക്കിനിയും എൻ-

ശരീരത്തിൽ നിന്നും കുടിയിറങ്ങാൻ

നീ കാരണം എത്ര പേർ ഇന്ന്

മരിച്ചു കിടപ്പൂ മൺകൂനകൾക്കടിയിൽ

ഉള്ള വയലുകൾ, മണ്ണിട്ടു മൂടി

വൃക്ഷങ്ങൾ വെട്ടി ,കൂറ്റൻ കെട്ടിടം കെട്ടി

പുഴയെ തിരിച്ചു ,വീടുകൾ ഉയർത്തി

കോരിച്ചൊരിഞ്ഞ മേഘം ,മലകളെ തകർത്തു.

കത്തിജ്ജ്വലിക്കുന്ന സൂര്യന്റെ ചൂടാൽ

വൃക്ഷലതാദികൾ വാടിക്കരിഞ്ഞു.

കൊച്ചു തുമ്പികളും പൂമ്പാറ്റകളും

മനം മയക്കും മനോഹാരിതയും

മന്നിൽ നിന്നെങ്ങോ പോയ് മറഞ്ഞു.

എല്ലാം നിൻ സ്വാധീനം മൂലം

സമയമായി നിന്നെ കുടിയൊഴിക്കാൻ

ഇനിയും വൈകിയാൽ ഉയിർത്തെഴുന്നേൽപ്പസാദ്ധ്യം

കുടിയിറക്കും നിന്നെ ഞാൻ-

ഞാൻ തന്നെ എല്ലാം എന്ന ചിന്തയെ,

എൻ മനസ്സിലെ അഹങ്കാരമേ.....


ഇനിയുമാവുമോ  പ്രകൃതിയെ കൊല്ലാൻ

നിരപരാധികൾ തൻ രക്തം ചിന്തിടാൻ


കുടിയിറങ്ങൂ നീ ഇനിയെങ്കിലും

അസ്ന ജാസ്മിൻ     എം.എ

9 A





میری بلی کالی کالی
میری بلی اچھی اچھی
میری بلی ننھی ننھی
میری بلی پیاری پیاری
میرے پیچھے آتی بلی
میرے آگے دوڑتی بلی
میرے ساتھ کھاتی بلی
میرے ساتھ بیٹھی بلی





# ഇനി

ണിം.......ണിം............ണിം............

ജൂഗ്ഗൂട്ടൻ ജയഹേ പറഞ്ഞവസാനിപ്പിച്ചത്

കളിപ്പറമ്പിലെ ഫുട്ബോൾ തട്ടിക്കൊണ്ടാണ്

തുറന്നിട്ട ബാഗിന്റെ  അറകളിലേക്ക്

പുസ്തകങ്ങൾ  പാഞ്ഞു കയറുന്നതും

നോക്കി ബീനടീച്ചർ കണ്ണുരുട്ടി

കുട്ടിക്കൂട്ടം കാക്കാന്റെ മുട്ടായി

പീടികയെ ഇളക്കി മറിക്കുന്നതും

തുറന്നിട്ട വരാന്തകളിൽ ചളിക്കാലുനീട്ടി

ചിത്രം വരയ്ക്കുന്നതും നോക്കി

ഉസ്കൂൾ  ആരോടെന്നില്ലാതെ പറഞ്ഞു

നാളെയാവണം ഇനി അടുത്ത ഉത്സവത്തിന്.

അഞ്ജലി ( 10B)

# സ്കൂൾ പാർലമെന്റ് ഇലക്ഷൻ

ഈ വർഷത്തെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ കുട്ടികൾക്കൊരു വേറിട്ട അനുഭവമായിരുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചായിരുന്നു വോട്ടെടുപ്പ് നടന്നത്.ഒരു പൊതു തിരഞ്ഞെടുപ്പിന്റെ എല്ലാ ചിട്ട വട്ടങ്ങളും പാലിച്ചു കൊണ്ടു നടന്ന ഇലക്ഷൻ കുട്ടികൾക്ക് ഇലക്ഷൻ നടപടിക്രമങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ ഏറെ ഉപകരിച്ചു.ഇലക്ഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് ഇലക്ഷൻ നടന്നത്.ഇലക്ഷൻ ക്ലബ്ബ് കൺവീനർ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതോടെ ഇലക്ഷൻ പ്രക്രിയക്ക് തുടക്കമായി.തുടർന്ന് കുട്ടികൾ നിശ്ചിതഫോമിൽ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം അന്തിമപട്ടിക തയ്യാറാക്കി.കുട്ടികൾക്ക് സ്ഥാനാർത്ഥികളെ വിലയിരുത്തുന്നതിനായി ഓരോ ക്ലാസ്സിലും മീറ്റ് ദ കാൻഡിഡേറ്റ് പരിപാടി സംഘടിപ്പിച്ചു.ഇലക്ഷനു മുൻപ് വോട്ടിംഗ് മെഷീന്റെ കൃത്യത സ്ഥാനാർത്ഥികളെ ബോധ്യപ്പെടുത്തുന്നതിനായി മോക് പോൾ സംഘടിപ്പിച്ചു. ഇലക്ഷൻ നടത്തിപ്പിനു വേണ്ട സാങ്കേതിക സഹായം നൽകിയത് സ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബാണ്.ഇലക്ഷൻ ഡോക്യുമെന്റേഷനും ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ നിർവ്വഹിച്ചു.

## വീഡിയോ കാണാൻ താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യൂ.

https://www.youtube.com/watch?v=STb9JNdY5LY

# സോഷ്യൽ സയൻസ്

ലോകജനസംഖ്യവസ്തുതകളും വിവരങ്ങളും അടങ്ങിയ വീഡിയോ പ്രദർശനം ക്ലാസ്സ് തലത്തിൽ പ്രദർശിപ്പിച്ചു.

ഹിരോഷിമ,നാഗസാക്കി ദിനം:-

സഡാക്കോ കൊക്കുകളുടെ നിർമ്മാണം ,ബോംബിംങ് വീഡിയോ പ്രദർശനം.

സ്വാതന്ത്ര്യ ദിനം:-

ക്ലാസ്സ് തല ക്വിസ്സ് മത്സരത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി യു.പി.,ഹൈസ്കൂൾ തല മത്സരങ്ങൾ

വന്ദേമാതരം,ഫ്യൂഷൻ ഡാൻസ്(യു.പി,ഹൈസ്കൂൾ കുട്ടികൾ ചേർന്ന്)

ഗാന്ധി ജയന്തി ,ഗാന്ധി ക്വിസ്സ് മത്സരം(യു.പി,എച്ച്.എസ്സ്)

ദേശഭക്തി ഗാനാലാപന മത്സരം,,ക്ലാസ്സ് തല ശുചീകരണ മത്സരം,ഗാന്ധി ചിത്ര രചന മത്സരം

# വിദ്യാരംഗം കലാസാഹിത്യ വേദി

## വായനാദിനം

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ജൂൺ 19 വായനാദിനത്തോടുബന്ധിച്ച് പുസ്തകപ്രദർശനം നടത്തി.പുസ്തക പ്രദർശനം ഹെഡ് മാസ്റ്റർ ശ്രീ.രാധാകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് ശ്രീ.സത്യപ്രകാശ്, മണ്ണാർക്കാട് പബ്ലിക് ലൈബ്രറി ഭാരവാഹികൾ തുടങ്ങി പലരും പ്രദർശനം കാണാൻ എത്തിയിരുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനം അന്നേ ദിവസം തന്നെ ഞങ്ങളുടെ പ്രിയപ്പെട്ട രംഗനാഥൻ മാസ്റ്റർ നിർവ്വഹിച്ചു. ലൈബ്രറി വിതരണോദ്ഘാടനം കേശവൻ കുട്ടി മാസ്റ്റർ നിർവ്വഹിച്ചു.

ബഷീർ ദിനത്തോടനുബന്ധിച്ച് **മനസ്സിൽ ഒരു മാങ്കോസ്റ്റിൻ** എന്ന ഹ്രസ്വ ചിത്രം പ്രദർശിപ്പിച്ചു. വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ബഷീർ ദിന ക്വിസ്സ് മത്സരം നടത്തി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശഭക്തിഗാനാലാപനം നടത്തി. കേരളപ്പിറവിയോടനുബന്ധിച്ച് "മധുരം മലയാളം" എന്ന പേരിൽ ശില്പശാല സംഘടിപ്പിച്ചു.

വിദ്യാരംഗം സബ്ജില്ലാ തല മത്സരങ്ങളിൽ പുസ്തകാസ്വാദനം യു.പിവിഭാഗത്തിൽ അക്ഷയ കൃഷ്ണയ്ക്ക് മൂന്നാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ അയിഷാ ജുമാനയ്ക്ക് രണ്ടാം സ്ഥാനവും ലഭിച്ചു. അഭിനയത്തിൽ ചിഞ്ചു ചന്ദ്രൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി ജില്ലാ തല മത്സരത്തിൽ പങ്കെടുത്തു.

# സ്കൗട്ട് ആന്റ് ഗൈഡ് പ്രവർത്തന റിപ്പോർട്ട്

ജൂൺ 5 പരിസ്ഥിതി ദിനത്തിന് വൃക്ഷത്തൈ നട്ടുകൊണ്ട് പച്ചക്കറിത്തോട്ട നിർമ്മാണത്തിന്

തുടക്കം കുറിച്ചു.ഓരോ സ്കൗട്ടും ഗൈഡും ഗ്രോ ബാഗുകളിൽ തയ്യാറാക്കിയ പച്ചക്കറി തൈകൾ കൊണ്ടുവന്നാണ് തോട്ടമൊരുക്കിയത്.

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് നടത്തിയ പുസ്തക പ്രദർശനത്തിന് സജീവ നേതൃത്വം നല്കി.

ഹിരോഷിമാ ദിനത്തോടനുബന്ധിച്ച് സഡാക്കോ കൊക്ക് നിർമ്മാണവും പ്രദർശനവും നടന്നു

ആഗസ്റ്റ്15 ന് പരേഡ് പരിശീലനം നടന്നു

സെപ്റ്റംബർ

ഹരിതകേരള ശുചിത്വ മിഷന്റെ ഭാഗമായി നടന്ന സെമിനാറിൽ യൂണിറ്റിൽ നിന്ന് രണ്ടു പേർ പങ്കെടുത്തു. അതിന്റെ ഭാഗമായി ക്ലാസ്സ് തല ബോധവൽക്കരണ പരിപാടി നടന്നു.തുടർന്ന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് പേനകൾ ശേഖരിക്കുകയും പേപ്പർ പേന നിർമ്മിക്കുകയും ചെയ്തു .സ്കൂൾ തല യുവജനോത്സവത്തിൽ ഹെഡ്മാസ്റ്റർ പേപ്പർ പേനയുടെ ഉദ്ഘാടനം നടത്തി.

ഒക്ടോബർ 2 മുതൽ 8 വരെ സാനിറ്റേഷൻ പ്രോഗ്രാം നടന്നു.തുടർന്ന് ശുചിത്വ ബോധവൽക്കരണത്തിന്റെ ഭാഗമായി വെയ്സ്റ്റ് ബിന്നുകൾ വേണമെന്ന് ഹെഡ്മാസ്റ്ററോട് ആവശ്യപ്പെടുകയും സ്റ്റാഫ് സെക്രട്ടറി അത് വാങ്ങി നൽകുകയും ചെയ്തു.

നവംബർ 7 ഫ്ലാഗ് ഡേ ആഘോഷം യൂണിറ്റ് തലത്തിൽ നടന്നു.എല്ലാ അംഗങ്ങൾക്കും ഫ്ലാഗ് വിതരണം ചെയ്തു.

നവംബർ 14 ശിശുദിനത്തിൽ ക്ലീൻ ക്യാംപസ് വിജയികളെ തിരഞ്ഞെടുത്തു. 6A ക്ലാസ്സിനാണ് സമ്മാനം കിട്ടിയത്.ക്ലാസ്സിലെ കുട്ടികൾക്ക് സ്കൗട്ട്-ഗൈഡ് വിദ്യാർത്ഥികൾ നിർമ്മിച്ച പേപ്പർ പേന സമ്മാനമായി നല്കി.



# ജൂനിയർ റെഡ്ക്രോസ്സ്

സ്കൂളിലെ ജൂനിയർ റെഡ്ക്രോസ്സിന്റെ നേതൃത്വത്തിൽ ഈ വർഷം നിരവധി സേവന പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്. വായനാദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനിച്ചു. 2019-20 വർഷത്തിലേക്ക് ജൂനിയർ റെഡ് ക്രോസ്സിന് സൗജന്യ യൂണിഫോം കണ്ടെത്തി നല്കി. അഞ്ചുകുട്ടികൾക്ക് സൗജന്യ പുസ്തകവിതരണം നടത്തി. റോഡപകടത്തിൽ പരിക്കേറ്റ പൂർവ്വവിദ്യാർത്ഥിയായ പദ്മപ്രിയയ്ക്ക് 100000 രൂപ ധനസഹായം നല്കി.നൂർമുഹമ്മദ് മാഷിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമാണ് സ്കൂളിലെ റെഡ്ക്രോസ്സ് അംഗങ്ങൾ .വാഹനാപകടത്തിൽപ്പെട്ട താഹിറിന് 25000 രൂപയുടെ സഹായം നല്കി.250 തോളം രക്ഷിതാക്കൾക്ക് മഴക്കാല രോഗങ്ങൾക്ക് സൗജന്യ ആയുർവേദ മരുന്ന നല്കി.ഡോക്ടർമാർ അടക്കം പത്ത് സ്റ്റാഫുകൾ പങ്കേടുത്തു.ഭിന്നശേഷിക്കാരോടൊപ്പം ഒരു ദിവസം ചെലവഴിച്ചു. പഠനയാത്രനടത്തി. ഒരുപ്ലാസ്റ്റിക് വിമുക്ത പ്രവർത്തനങ്ങൾക്കും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും മരങ്ങൾ നട്ട പരിപാലിക്കുന്നതിനും ആറുമാസ സഹകരണ പ്രവർത്തനത്തിന് ആദരവ് ലഭിച്ചു.മഴക്കെടുതി അനുഭവിച്ച ആദിവാസി ഊരുകളിൽ 25 വീടുകളിൽ സ്വന്തം ചെലവിൽ അരിയും പലവ്യഞ്ജനങ്ങളും പാത്രങ്ങളും നല്കി.നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിന് ഈ വർഷവും താലൂക്ക തലത്തിലുംവിദ്യാഭ്യാസ ജില്ലാ തലത്തിലും ആദരവു ലഭിച്ചു.









# കായികരംഗം

പാലക്കാട് ജില്ലാ Tennikoit Association നടത്തിയ ജൂനിയർ ഗേൾസ്& ബോയ്സ് മത്സരത്തിൽ നമ്മുടെ കുട്ടികൾ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സീനിയർ ബോയ്സ് & ഗേൾസ് മത്സരത്തിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ നേടി.സബ്ജില്ലാ സ്കൂൾ ഗെയിമിൽ ചെസ്സ് മത്സരത്തിൽ സീനിയർ ഗേൾസിൽ ആര്യ.വി.പി രണ്ടാം സ്ഥാനം,വിശ്വാസ് (സബ് ജൂനിയർ ബോയ്സ് ഒന്നാം സ്ഥാനം ),വിശാഖ് (സീനിയർ ബോയ്സ് രണ്ടാം സ്ഥാനം) നേടി.സബ് ജില്ലാ കരാട്ടെ മത്സരത്തിൽ അനഘ കെ. ഒന്നാം സ്ഥാനം കരസ്ഥമാക്കി.ജില്ലാ തല ഗെയിംസിൽ ടെന്നിക്കോയ്റ്റ് സീനിയർ ഗേൾസ് മൂന്നാം സ്ഥാനവും സീനിയർ ബോയ്സ് രണ്ടാം സ്ഥാനവും നേടി. ആഷിക്ക്(9A), അഞ്ജലി.ഒ. (10C),നവനീത്(9A) എന്നിവർ തൃശ്ശൂരിൽ വെച്ച നടന്ന സംസ്ഥാന സ്കൂൾ ടെന്നിക്കോയ്റ്റ് മത്സരത്തിൽ പങ്കെടുത്തു. സബ് ജില്ലാ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ അഞ്ജലി.ഒ,ശിവാനി എന്നീ കുട്ടികൾ പങ്കെടുത്ത തിൽ രണ്ടിനങ്ങളിൽ ഒന്നാം സ്ഥാനവും രണ്ടിനങ്ങളിൽ രണ്ടാം സ്ഥാനവും മൂന്നിനങ്ങളിൽ മൂന്നാം സ്ഥാനവും ലഭിക്കുകയുണ്ടായി.ജില്ലാ സ്കൂൾ കായികമേളയിൽ ഈ കുട്ടികൾ പങ്കെടുത്തു.സബ്ജില്ലാ സ്കൂൾ ഫുട്ബോൾ മത്സരത്തിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു. 9E ക്ലാസ്സിലെ ആദിലിന് സബ്ജില്ലാ ഫുട് ബോൾ ടീമിൽ ഇടം ലഭിച്ചു.

# നമ്മുടെ പ്രതിഭകൾ



പാലക്കാട് ജില്ലാ യുവജനോത്സവത്തിൽ കുച്ചിപ്പുടിയിൽ A ഗ്രേഡോടെ ഒന്നാംസ്ഥാനവും ഭരതനാട്യത്തിൽ A ഗ്രേഡോടെ രണ്ടാം സ്ഥാനവും നേടിയ

ലിറ്റിൽകൈറ്റ് അംഗം

## അനിൻശങ്കർ

സംസ്ഥാന തലത്തിൽ B grade നേടി



# സബ്ജില്ലാ കായികമേളയിൽ മികച്ച വിജയം കരസ്ഥമാക്കിയവർ





**അഞ്ജലി**



**ശിവാനി**

## ലിറ്റിൽ കൈറ്റ്സ് 2019 ബാച്ച് അംഗങ്ങൾ



## 2019-21 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ





ഭിന്നശേഷിക്കാർക്ക് ക്ലാസ്സെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



ഓണാഘോഷത്തോടനുബന്ധിച്ച് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ പൂക്കളങ്ങൾ









# ജില്ലാ ഗണിതശാസ്ത്ര -ഐ.ടി മേളയിലെ കെ.ടി.എം സാന്നിദ്ധ്യം


ഗണിതശാസ്ത്ര മേളയിൽ ജില്ലാതലത്തിൽ A ഗ്രേഡ് കരസ്ഥമാക്കിയ **വാണി** (10A)



വാണി വരച്ച ജ്യോമടിക്കൽ ചാർട്ട്









ഐ.ടി മേളയിൽ ആനിമേഷൻ വിഭാഗത്തിൽ കെ.ടി.എം.നെ പ്രതിനിധീകരിച്ച **വിഘ്നേഷ്** (10A)

## സബ്ജില്ലാ ഐ.ടി മേളയിൽ നമ്മുടെ സ്കൂളിനെ പ്രതിനിധീകരിച്ചവർ.



കെ.ടി.എം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ പ്രോജക്ട് ഗ്രാമ പുരാവൃത്തം ഈ ലിങ്കിൽ ലഭ്യമാണ്.

https://www.youtube.com/watch?v=YwsSOKifhCQ

## സ്കൂളിലെ ടെന്നിക്കോയ് ടീം അംഗങ്ങൾ തോമസ് മാഷിനോടൊപ്പം











## ജൂനിയർ റെഡ്ക്രോസ്സിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ





ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അമ്മമാർക്ക് Q R Code പരിചയപ്പെടുത്തുന്നു

# നന്ദി

ഈ മാഗസിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങളോടു സഹകരിച്ച  എല്ലാവരേയും നന്ദിയോടെ

സ്മരിക്കുന്നു.

